കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ബാലുശ്ശേരി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19

ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്

e-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.കെ.ഡി/പി.10/1603/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഇ-മെയിൽ-dokkd.ksad@kerala.gov.in
ഫോൺ : 0495 2371012
തീയതി 26.09.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ബാലുശ്ശേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഒന്നാം ഭാഗത്തെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

**പകർപ്പ് :-**

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.കെ.ഡി/പി.10/1603/2019 തീയതി 26.09.2019

## കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 21-10-2018 മുതൽ 25-07-2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| **ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക** | ശ്രീ.എം വാസുദേവൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ,<br>വിനിയോഗിച്ച സമയം** | 26.07.2019 മുതൽ 06.08.2019 വരെ |
| ശ്രീ.ഉണ്ണി പി കെ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ.പ്രബോധ് കുമാർ.ഇ.എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. ഡാനിഷ് എ ഇസഡ് | ഓഡിറ്റർ |
| ശ്രീ.അഫ്സൽ.ടി.എം | ഓഡിറ്റർ |

### (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.രൂപലേഖ കൊമ്പിലാട്ട് | 01.04.2018മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.ഷിബിൻ.കെ.കെ അസി. സെക്രട്ടറി (അധിക ചുമതല). | 01.04.2018 മുതൽ 25.06.2018 വരെ |
| | ശ്രീ. സതീഷൻ സി പി | 26.06.2018 മുതൽ 31.03.2019 വരെ |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| പേര് | തസ്തിക | കാലയളവ് |
|---|---|---|
| | കൃഷി ഓഫീസർ | |
| ശ്രീമതി. വിദ്യ.പി | | 01.04.2018 മുതൽ 31.03.2019 വരെ |
| ഡോ.ധന്യ.എ | വെറ്റിനറി സർജ്ജൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ഡോ.ഹെലന മോൾ | മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 01.04.2018 മുതൽ 31.03.2019 വരെ |
| ഡോ.പി.വി.മുഹമ്മദ് കബീർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01.04.2018 മുതൽ 31.03.2019 വരെ |
| ശ്രീമതി.സീമ<br>ശ്രീ. സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01.04.2018 മുതൽ 31.03.2019 വരെ |
| ശ്രീമതി.രാധിക പി.<br>ശ്രീമതി.ലക്ഷ്മി<br>ശ്രീ. ശശിന്ദ്രൻസി.പി. | വി.ഇ.ഒ. | 01.04.2018 മുതൽ 31.03.2019 വരെ |
| ശ്രീമതി.ഹലീമ.കെ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01.04.2018 മുതൽ 31.03.2019 വരെ |
| ശ്രീമതി ഗീതമ്മ.പി.എൻ<br>ശ്രീമതി ബേബി ഷീല | ഹെഡ് മാസ്റ്റർ | 01.04.2018 മുതൽ 30.05.2018 വരെ<br>01.06.2018 മുതൽ 31.03.2019 വരെ |
| ശ്രീമതി.രഞ്ചു സുരേന്ദ്രൻ<br>ശ്രീ. ആൻഡ്രൂ<br>ശ്രീ. ശിവപ്രസാദ്<br>ശ്രീ. നജ്മുദ്ദീൻ | അസിസ്റ്റന്റ് എൻജിനീയർ | 01.04.2018 മുതൽ 01.08.2018 വരെ<br>02.08.2018 മുതൽ 23.11.2018 വരെ<br>24.11.2018 മുതൽ 30.01.2019 വരെ<br>31.01.2019 മുതൽ 31.03.2019 വരെ |
| ശ്രീമതി. ജീജ<br>ശ്രീമതി. ഹിത. എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01.04.2018 മുതൽ 13.06.2018 വരെ<br>14.06.2018 മുതൽ 31.03.2019 വരെ |
| ശ്രീ.ഷിബിൻ.കെ.കെ<br>അസി സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി | 01.04.2018 മുതൽ 31.03.2019 വരെ |

## ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാല് ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.


| ക്രമ നമ്പർ | ഭാഗം-1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1-3 |
| | | |

| | | |
|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ. | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | **ഭാഗം-2** | |
| 13 | വരവ് കണക്കുകളിൻ മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | 1-13-1 മുതൽ 1-13-14 വരെ |
| 14 | ചെലവ് കണക്കുകളിൻ മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | 1-14-1 മുതൽ 1-14-14 വരെ |
| 15 | 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ചതിലെ അപാകതകൾ- നികുതി നഷ്ടം സംഭവിക്കുന്നു | 2-1 |
| | **ഭാഗം- 3**<br>**ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | **ഭാഗം 4**<br>**പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 16 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 17 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 18 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 19 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 20 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 21 | ഓഡിറ്റ് റിക്കവറി | 4-6 |
| 22 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 23 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 24 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 25 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 26 | ഓഡിറ്റ് സർട്ടിഫിക്കറ്റ്. | അനുബന്ധം-1 |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

ബജറ്റ് 28-03-2018 തീയതിയിലെ 2/1 തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.19 | 02-05-2019 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 15.7.18 – 16.7.19 | കെഎസ്എകെകെഡി ഇ2/887/2019(5) തിയ്യതി 23-07-2019 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 6088875 |
| വരവ് | 99857550 |
| ആകെ | 105946425 |
| ചെലവ് | 81626388 |
| നീക്കിയിരിപ്പ് | 24320037 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 16141450 | 16141450 | 16141450 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 8217171 | 8217171 | 8217171 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 241661 | 241661 | 241661 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 5266393 | 5266393 | 5266393 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3232591 | 3232591 | 3232591 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 5716221 | 5716221 | 5716221 | 0 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| സാക്ഷരത | | 1820 | 0 | 1820 | 0 | 1820 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 51735000 | 51735000 | 51735000 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 9541 | 2491937 | 2501478 | 2337169 | 164309 |
| എസ്എസ്എ | | 336925 | 11948 | 348873 | 0 | 348873 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 642000 | 1365000 | 2007000 | 893000 | 1114000 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ജില്ലാ പഞ്ചായത്ത് | 316500 | 1487016 | 1803516 | 1730470 | 73046 |
| ബി ഫണ്ട് | | | | | | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 5191932 | 24776062 | 29967994 | 11065471 | 18902523 |
| തനത് ഫണ്ട് | ട്രഷറി അക്കൗണ്ട് | 215120 | 21189891 | 21405011 | 18063237 | 3341774 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 158 | 93573252 | 102 | 55452935 | 46 | 10 | 64.55% |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 9541 | 2491937 | 2501478 | 2337169 | 164309 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 51735000 | 51735000 | 51735000 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 604680 | 339 |
| കർഷകതൊഴിലാളി പെൻഷൻ | 8257300 | 652 |
| വിധവാപെൻഷൻ | 14824900 | 1202 |
| വാർദ്ധക്യകാലപെൻഷൻ | 20035700 | 1756 |
| വികലാംഗപെൻഷൻ | 3483600 | 282 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ | 1254800 | 106 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 210000 | 7 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.08.19 ന് സ്ഥാപനതലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ

നടത്തുകയുണ്ടായി. പരിശോധനയിൽ 13617/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ഏറെക്കുറെ ശ്രദ്ധിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ വരവുചെലവു കണക്ക് സൂക്ഷിപ്പും രജിസ്റ്ററുകളുടെയും രേഖകളുടെയും സുരക്ഷിതമായ സൂക്ഷിപ്പും തൃപ്തികരമാണ്. വിവിധ പദ്ധതികൾക്കായി സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പുകൾ വേർതിരിച്ച് സൂക്ഷിച്ചിട്ടുണ്ട്. വരവുകളും ചെലവുകളും കൃത്യമായി അക്കൌണ്ടു ചെയ്യപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ട്. സാമ്പത്തിക ഇടപാടുകൾ രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. ചെക്ക്&ഡ്രാഫ്ററ് രജിസ്ററർ, ഡി.സി.ബി.ഇനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. പ്രതിമാസ വരവുചെലവു കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ പാസ്സ്ബുക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചുപോരുന്നതിനാൽ നീക്കിയിരിപ്പു തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. പരാതി രജിസ്റ്റർ കാലികമാക്കുന്നില്ല. ലഭിച്ച പരാതിയുടെ തുടർ നടപടികൾ എടുക്കുന്നുണ്ടെങ്കിലും ആയത് സമ്പൂർണമല്ല. രജിസ്റ്ററിലെ മിക്ക പേജുകളും പൂർത്തീകരിക്കാത്തതായി കാണപ്പെടുന്നു.

ഫയൽ നടപടികളിൽ ക്ലാർക്ക്, ജെ എസ്, എന്നിവരുടെ കുറിപ്പുകൾക്കും അഭിപ്രായങ്ങൾക്കും ശേഷം ഒപ്പ് വെക്കുന്നുണ്ടെങ്കിലും തീയതി പലപ്പോഴും രേഖപ്പെടുത്തുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28/02/2019 | 11/2018 | PAUBLY/PAT2/BLY/11/18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 9.8.16 | 2011-12 to 2014-15 | LBA(HQ)/VI/8A-2511/119 25.11.16 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ പരിഹരിക്കുവാൻ അവശേഷിക്കുന്നവയുടെയും ഓഡിറ്റിൽ കണ്ടെത്തിയ മറ്റ് അപാകതകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. കെട്ടിട വാടക രജിസ്റ്റർ പ്രകാരം തൻ വർഷത്തെ ഡിമാന്റ് 99287/- ആണ്, എന്നാൽ ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ട് ഷെഡ്യൂൾ I -3 പ്രകാരം ഇത് 104879 ആണ്.

2. ആസ്തികൾക്ക് ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ടിൽ (1-17(a)) ഡിപ്രീസിയെഷൻ രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ ആസ്തി രജിസ്റ്റർ പൂർണമല്ല എന്ന് പരിശോധനയിൽ കണ്ടെത്തി.

3. ഡേ ബുക്ക് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

4. വാർഷിക കണക്കിൽ, അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

5. എം.എൻ.ആർ.ഇ.ജി.എസ് ഓഫീസിലെ റസീറ്റ് & പെയ്മെന്റ് കണക്കുകൾ പ്രകാരം ഭരണചെലവ് 2536169രൂപയും എംഐഎസ് പ്രകാരം നേരിട്ട് തൊഴിലാളികൾക്ക് നൽകുന്ന തുക 51735000 രൂപയും ആണ്. എന്നാൽ വാർഷിക കണക്കിൽ ആയത് യഥാക്രമം 2491937/- രൂപയും 12218169/- രൂപയുമാണ്.

# 1-13-1 കെട്ടിടത്തിന്റെ ഉപയോഗ ക്രമം തെറ്റായി നിശ്ചയിച്ചു- നികുതി നഷ്ടം സംഭവിക്കുന്നു

2018-19 വർഷത്തെ ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 1172 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ എല്ലാം തന്നെ വാണിജ്യ സ്ഥാപനങ്ങളായാണ് നികുതി നിർണയിക്കുമ്പോൾ കണക്കാക്കേണ്ടത്. സഞ്ചയയിൽ നികുതി നിർണയിച്ചതിന്റെ വിവരം പരിശോധിച്ചപ്പോൾ പല സ്ഥാപനങ്ങളുടെയും ഉപയോഗ ക്രമം തെറ്റായി കാണിച്ചിട്ടുണ്ട്. ഇത് മൂലം നികുതി നഷ്ടം സംഭവിക്കുന്നു. ഉദാ-

| ഡി & ഒ ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | കെട്ടിട നമ്പർ | ഡി &ഒ ലൈസൻസ് അപേക്ഷ/രജിസ്റ്റർ പ്രകാരം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ വിവരം | കെട്ടിടത്തിന്റെ ഉടമസ്ഥന്റെ പേര് (സഞ്ചയ) | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗ ക്രമം |
|---|---|---|---|---|
| 123 | 6/469 | ഫാമിലി സ്റ്റോർ | രാമകൃഷ്ണൻ, നങ്ങീലികണ്ടി, ബാലുശ്ശേരി, 673612 | പാർപ്പിടാവശ്യം |
| 205 | 9/361 | മനോദർശൻഹോമിയോ ക്ലിനിക്ക് | രജനി, കേളോത്ത് കണ്ടി, ബാലുശ്ശേരി, തുരുത്തിയാട്, 673612. | പാർപ്പിടാവശ്യം |
| 443 | 6/172 | എ ഡി ഗ്ലാസ് വർക്ക് | ശ്രീധരൻ,തോട്ടോളി തെക്കെയിൽ, ബാലുശ്ശേരി, 673612. | പാർപ്പിടാവശ്യം |
| 460 | 9/546 | ഷീറ്റ്,മെറ്റൽ,ഫാബ്രിക്കേഷൻ | വി പി ബാലകൃഷ്ണൻ, വടക്കെ പാലയുള്ളതിൽ, ബാലുശ്ശേരി, കോക്കല്ലൂർ. | പാർപ്പിടാവശ്യം |
| 638 | 8/611 | സയാന ഫ്ലോർ മിൽ | ബാലൻ, മാത്തിലകത്തൂട്ട്, ബാലുശ്ശേരി, 673612 | പാർപ്പിടാവശ്യം |
| | | | | |

| | | | | |
|---|---|---|---|---|
| 1168 | 9/306 A | കാന്റീൻ,ഗോകുലം | ഗോകുലം ഗോപാലൻ എന്ന എ.എം.ഗോപാലൻ,മാനേജിംഗ് ഡയറക്ടർ, ശ്രീഗോകുലം എജ്യൂക്കേഷണൽ & മെഡിക്കൽ ട്രസ്റ്റ്, നം.66 ആർക്കോട്ട് റോഡ് , കോടമ്പാക്കം, ചെന്നൈ- 24 | വിദ്യാഭ്യാസാവശ്യം |
| | | | | |

പഞ്ചായത്തിലെ വാണിജ്യ കെട്ടിടങ്ങൾക്ക്, സഞ്ചയയിൽ ഉപയോഗ ക്രമം തെറ്റായി രേഖപ്പെടുത്തി നികുതി കുറവു നൽകിയതിന്റെ കാരണം വിശദമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ അന്വേഷണക്കുറിപ്പിനു നൽകിയ മറുപടി തൃപ്തികരമല്ല. മേൽ കെട്ടിടങ്ങളുടെ നികുതി പുനർ നിർണയിച്ച് , കുടിശ്ശിക സഹിതം നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 1-13-2 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ചതിലെ അപാകതകൾ- നികുതി നഷ്ടം സംഭവിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 40രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

2011 ന് ശേഷം, നിർമാണം പൂർത്തിയായതും തറ വിസ്തീർണം അടിസ്ഥാനമാക്കി നികുതി നിർണയിച്ചതുമായ 100 ച.മീ യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളിൽ നിന്നു 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് സഞ്ചയയിൽ നികുതി കണക്കാക്കിയത്. ഇതുമൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതിവരവിൽ നഷ്ടം സംഭവിച്ചു. വിശദമായ റിപ്പോർട്ടിന് ഭാഗം 2-1 കാണുക.

## 1-13-3 തൊഴിൽ നികുതി - അപാകതകൾ

2018-19 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി റിട്ടേണുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതൾ കാണുന്നു.

1. 1988ലെ സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷന്റെ (സി.ബി.എസ്.ഇ) അഫിലിയേഷൻ വ്യവസ്ഥകൾ പ്രകാരം ഇന്ത്യയിൽ പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ. സ്കൂളുകളിലെ ജീവനക്കാർക്ക് അതേ

തസ്തികയിൽ ജോലി ചെയ്യുന്ന സംസ്ഥാന സർക്കാർ സ്കൂളുകളിലെ ജീവനക്കാർക്ക് നൽകുന്ന ശമ്പള സ്കെയിലിലെ വേതനവും, ആനുകൂല്യങ്ങളും നൽകണമെന്നാണ് നിർദ്ദേശമുള്ളത് [അഫിലിയേഷൻ ബൈലോയിലെ ഖണ്ഡിക 3(V)കാണുക]. മർക്കസ് പബ്ലിക് സ്കൂൾ (അഫിലിയേഷൻ നമ്പർ 931268) മേധാവി സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണുകളിൽ രേഖപ്പെടുത്തിയ 22 ജീവനക്കാരുടെ വേതന വിവരങ്ങൾ പരിശോധിച്ചതിൽ ജീവനക്കാർക്ക് സംസ്ഥാന സർക്കാർ നിർദ്ദേശിച്ച നിരക്കിൽ ശമ്പളവും മറ്റാനുകൂല്യങ്ങളും ലഭ്യമാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. സ്കൂൾ മേധാവികൾ സമർപ്പിക്കുന്ന റിട്ടേണുകളിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുന്നുണ്ടോ എന്നും, രേഖപ്പെടുത്തിയ വിവരങ്ങൾ ശരിയാണോ എന്നും തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ ഉറപ്പുവരുത്തിയിട്ടുമില്ല.

2. അക്ഷയ സെന്റർ, പിറ്റ്മാൻ എെ.ടി പാർക്ക്, ജവഹർ കോളേജ് & കമ്പ്യൂട്ടർ എജ്യൂക്കേഷൻ, നിരവത്ത് ജൂബിലി ചിറ്റ്സ്, കൈരളി ഡ്രൈവിംഗ് സ്കൂൾ, ആധാരം എഴുത്ത് ഒാഫീസുകൾ, കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

3. മുത്തൂറ്റ് മൈക്രോ ഫിനാൻസ്, മഹാരാജ ഇൻസ്റ്റിറ്റ്യൂട്ട് ഒാഫ് മെഡിക്കൽ സയൻസ്, വി ട്രസ്റ്റ് എെ ഹോസ്പിറ്റൽ എന്നീ സ്ഥാപനങ്ങൾ ഹാജരാക്കിയ ഒന്നാം അർദ്ധവർഷത്തെ റിട്ടേണിൽ (കോളം 4) അടിസ്ഥാന ശമ്പളം, ആകെ തുക (കോളം-9) എന്നിവ ഒരുപോലെ രേഖപ്പെടുത്തിയിരിക്കുന്നു തന്മൂലം പഞ്ചായത്തിന് നികുതി നഷ്ടം സംഭവിക്കുന്നു.

ഇതുമായി ബന്ധപെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് 4/18-19 തീയ്യതി 05.08.19 ന് ലഭ്യമാക്കിയ മറുപടിയിൽ ക്രമനമ്പർ 1 ൽ പരാമർശിച്ച അപാകതയ്ക്ക് സി.ബി.എസ്.സി ബോർഡിനെയും സർക്കാരിനെയും മേൽ വിഷയം കത്ത് മുഖേന അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ക്രമനമ്പർ 2 ൽ പരാമർശിച്ച അപാകതയ്ക്ക് സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ക്രമനമ്പർ 3 ൽ പരാമർശിച്ച അപാകതയ്ക്ക് സമർപ്പിച്ച മറുപടിയിൽ ജീവനക്കാർക്ക് അടിസ്ഥാന ശമ്പളം മാത്രമാണ് നൽകുന്നതെന്നുള്ള മറുപടി തൃപ്തികരമല്ല. അർദ്ധ വർഷത്തേക്ക് കണക്കാക്കുമ്പോൾ ലഭ്യമായ തൊഴിൽ നികുതി ആനുപാതികമല്ല. ഈ ഇനത്തിൽ പഞ്ചായത്തിനുണ്ടായ നഷ്ടം നികത്തേണ്ടതാണ്.

## 1-13-4 ജി.എസ്.ടി തിരികെ ലഭ്യമാകാത്തത് സംബന്ധിച്ച്

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 09.11.2018ലെ 87/18 നമ്പർ തീരുമാന പ്രകാരം ചരക്ക് സേവന നികുതി നിലവിൽ വന്നതിനാൽ പഞ്ചായത്തിന് വിനോദനികുതി ഇനത്തിൽ ലഭിക്കുമായിരുന്ന വലിയൊരു തുക നഷ്ടമായതിനെ തുടർന്ന് ആനുപാതികമായ തുക നഷ്ടപരിഹാരമായി ലഭിക്കുന്നതിന് സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിച്ച ഫയലുകളോ കത്തുകളോ പഞ്ചായത്ത് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. എന്നാൽ 30.10.2018ലെ ധനകാര്യ (എസ്.എഫ്.സി.സെൽ-എ) വകുപ്പിലെ സ.ഉ. (സാധാ)നം. 8957/18 പ്രകാരം 18-19 സാമ്പത്തിക വർഷത്തിൽ ഇൗ ഇനത്തിൽ 11,500/- രൂപ വരവ് വന്നിട്ടുണ്ട്. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ അറിയിക്കേണ്ടതും ലഭ്യമായ തുകയുടെ കൃത്യത സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ് എന്നറിയിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 06/18-19 തീയ്യതി 05.08.2019 ന് മറുപടി ലഭ്യമാക്കിയതിൽ സർക്കാരിലേക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ടെന്നും ആയത് ധനകാര്യ വകുപ്പിൻെ പരിഗണനയിലാണെന്നും അറിയിച്ചിട്ടുണ്ട്. ആനുപാതിക തുക ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14-1 സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തിയാക്കുന്നില്ല – സർക്കാർ ഗ്രാന്റിനത്തിൽ ലഭിച്ച 1.03 കോടി രൂപ വിനിയോഗിച്ചില്ല.

2018-19 വർഷം ഡി.പി.സി അംഗീകാരം വാങ്ങിയ, അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായുള്ള, 81 മരാമത്ത് പ്രോജക്ടുകളിൽ 53 എണ്ണം പുതിയ പ്രോജക്ടുകളും 28 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളുമാണ്. 53 പുതിയ പ്രോജക്ടുകളിൽ 34 എണ്ണത്തിന് തൻവർഷം തുകയൊന്നും ചെലവഴിച്ചില്ല. 2018-19 വർഷം ആകെ 19 പുതിയ പ്രോജക്ടുകൾ മാത്രമേ നടപ്പിലാക്കിയുള്ളൂ. 28 സ്പിൽ ഓവർ പ്രവൃത്തികളിൽ 4 പ്രോജക്ടുകൾക്ക് തൻവർഷം തുകയൊന്നും ചെലവഴിച്ചില്ല. ആകെയുള്ള മരാമത്ത് പ്രവൃത്തികൾക്കായി വകയിരുത്തിയ അടങ്കൽ തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | അടങ്കൽ | ചെലവഴിച്ച തുക | ചെലവഴിച്ചതിന്റെ ശതമാനം |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 9,58,000 | 5,72,155 | 59.72 |
| വികസന ഫണ്ട്- എസ്.സി.പി | 17,59,600 | 10,60,651 | 60.28 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 84,62,486 | 39,41,430 | 46.57 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 13,49,460 | 0 | 0 |
| തനത് ഫണ്ട് | 47,90,106 | 13,94,617 | 29.11 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 15,00,000 | 5,00,000 | 33.33 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 40,00,000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 84,34,000 | 52,66,393 | 62.44 |
| സംരക്ഷണഗ്രാന്റ്- റോഡിതരം | 26,88,903 | 11,23,297 | 41.78 |
| ആകെ | 3,39,42,,555 | 1,38,58,543 | 40.83 |

മേൽ പട്ടിക പ്രകാരം, താഴെ പറയുന്ന ചെലവഴിക്കാത്ത ഗ്രാന്റ് തുക സാമ്പത്തിക വർഷാവസാനം സർക്കാർ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചെടുക്കുന്നതിനാൽ ഫലത്തിൽ താഴെ പറയുന്ന രൂപത്തിൽ 1.03 കോടി രൂപ പഞ്ചായത്തിന് നഷ്ടപ്പെട്ടിരിക്കയാണ്.

| | |
|---|---|
| വികസന ഫണ്ട്-ജനറൽ | 3,85,845 |
| വികസന ഫണ്ട്- എസ്.സി.പി | 6,98,949 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 45,21,056 |
| സംരക്ഷണ ഗ്രാന്റ്(റോഡ്) | 31,67,607 |
| സംരക്ഷണഗ്രാന്റ്- റോഡിതരം | 15,65,606 |
| ആകെ | 1,03,39,063 |

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ തൻവർഷം 04.10.2018, 11.10.2018, 29.11.2018 എന്നീ ദിവസങ്ങളിലായി 3 യോഗങ്ങൾ നടന്നെങ്കിലും ഒരു യോഗത്തിൽ പോലും മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതിനെപ്പറ്റിയുള്ള ചർച്ചകളോ തീരുമാനങ്ങളോ ഉണ്ടായില്ല. കൂടാതെ പ്രവൃത്തികളുടെ മോണിട്ടറിംഗ് നടത്തിയതിന്റെ വിവരവുമില്ല. 04.10.2018, 29.11.2018 എന്നീ ദിവസങ്ങളിൽ നടന്ന യോഗത്തിൽ അംഗങ്ങൾ ഒപ്പിട്ടതല്ലാതെ യാതൊരു ചർച്ചകളോ തീരുമാനങ്ങളോ ഉണ്ടായില്ല. മിനുട്സ് ബുക്കിൽ 29.11.2018 ലെ യോഗ നടപടി വിവരം രേഖപ്പെടുത്തിയതിനു ശേഷമാണ് അതിനു മുൻപ് നടന്ന യോഗത്തിന്റെ (11.10.2018) വിശദാംശം എഴുതിച്ചേർത്തത്. വളരെ ലാഘവത്തോടെയാണ് വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ നടക്കുന്നതെന്ന് മേൽപറഞ്ഞതിൽ നിന്നും വ്യക്തമാണ്. ഭരണസമിതിയുടെ 09.11.2018 ലെ 3(1) തീരുമാനപ്രകാരം, അസിസ്റ്റന്റ് എഞ്ചിനീയർ അതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ ചെലവ് 7.98% മാത്രമാണെന്ന് എന്ന് വിലയിരുത്തുകയുണ്ടായി. ആയതിന്റെ കാരണം ആരായുന്നതിനും ചെലവ് പുരോഗതിയുണ്ടാക്കുന്നതിനും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ ചെലുത്തണമെന്ന് ആവശ്യപ്പെടാനും പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് ചെയർമാനെ പ്രവൃത്തി പുരോഗതി വിലയിരുത്തുന്നതിനും ആയത് യഥാസമയം ഭരണസമിതി മുമ്പാകെ റിപ്പോർട്ട് ചെയ്യുന്നതിനും ചുമതലപ്പെടുത്തി. എന്നാൽ ഭരണസമിതിയുടെ മേൽ തീരുമാനം/ നിർദ്ദേശം വർക്കിംഗ് ഗ്രൂപ്പ് പാലിച്ചില്ല. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 24.09.2018, 01.02.2019 എന്നീ തീയതികളിൽ നടന്ന യോഗങ്ങളിൽ, പൊതുമരാമത്ത് പ്രവൃത്തികളുടെ ചെലവ് പരമാവധി കൈവരിക്കാൻ നിർവ്വഹണോദ്യോഗസ്ഥന് നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ നടപ്പു വർഷാവസാനവും 40.83% ചെലവ് കൈവരിക്കാൻ മാത്രമേ കഴിഞ്ഞുള്ളൂ. നിർവ്വഹണോദ്യോഗസ്ഥർ വ്യക്തിപരമായ ശ്രദ്ധ ചെലുത്തി, എത്രയും പെട്ടെന്ന് പദ്ധതി നിർവ്വഹണം 28.02.2019 നുള്ളിൽ 100% ചെലവ് വരുത്തുന്നതിനും പദ്ധതി നിർവ്വഹണത്തിൽ നേരിടുന്ന പ്രയാസങ്ങൾ അതാത് സമയം റിപ്പോർട്ട് ചെയ്യുന്നതിനും നിർവ്വഹണോദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതിന് ഭരണസമിതി തീരുമാനിച്ചു (നം. 1(2)/04.01.2019). സമയബന്ധിതമായി പ്രോജക്ട് നിർവ്വഹണം പൂർത്തിയാക്കാൻ കഴിയാതെ പഞ്ചായത്തിന് പദ്ധതി ഫണ്ടിൽ നഷ്ടം വരാനിടയായാൽ ആയതിന് നിർവ്വഹണോദ്യഗസ്ഥൻ കൂടി വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണെന്ന് ഓർമ്മപ്പെടുത്തുന്നതിനും തീരുമാനിച്ചു. എന്നാൽ അത്തരത്തിലുള്ള യാതൊരു നടപടിയും സ്വീകരിച്ചില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.8/06.08.2019) ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി നിർവ്വഹണത്തിന്റെ സുഗമമായ നടത്തിപ്പിന് തടസ്സമായത്, നിർവ്വഹണോദ്യോഗസ്ഥർ നിരവധി തവണ മാറി വരുന്ന സാഹചര്യമുണ്ടായത് കൊണ്ടാണെന്ന് സൂചിപ്പിക്കുന്നു. ഈ മറുപടി തൃപ്തികരമല്ല.

നിർവ്വഹണത്തിലെ വീഴ്ച മൂലം സ്ഥാപനത്തിനുണ്ടായ ധനനഷ്ടത്തിന് മറുപടി സമർപ്പിക്കേണ്ടതും പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള തടസ്സം എന്തായിരുന്നെന്നും ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച ക്രമീകരണങ്ങൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ടും ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-14-2 സർക്കാർ നിർദ്ദേശം പാലിച്ചില്ല – സ്ക്കൂൾ കെട്ടിട വാടകയിനത്തിൽ 2.94 ലക്ഷം രൂപ ചെലവഴിച്ചു.

01.01.2005 മുതൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ജി.എൽ.പി സ്കൂൾ കെട്ടിടം ഗവ: വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ കെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള പ്രവർത്തനം

ത്വരിതപ്പെടുത്തുന്നതിന് 2017- 18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ (ഖണ്ഡിക നം. 3-7) നിർദ്ദേശിച്ചിരുന്നു. (ഓഡിറ്റ് റിപ്പോർട്ട് കാണുക). ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തി സ്കൂളിന്റെ പ്രവർത്തനം ബാലുശ്ശേരി വി.എച്ച്.എസ്.ഇ കോമ്പൗണ്ടിലേക്ക് മാറ്റുന്നതിന് കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ 13.06.2013 തന്നെ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഈ ഉത്തരവ് ഓഡിറ്റ് തീയതി വരെ പാലിക്കപ്പെട്ടില്ല. ഏതാണ്ട് ഒരു വർഷത്തോളമായി ബാലുശ്ശേരി ജി.എൽ.പി സ്കൂളിനു വേണ്ടിയുള്ള കെട്ടിടം ഒഴിഞ്ഞു കിടക്കുകയാണെന്നും നിലവിൽ സ്കൂളിനായി ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ ചുറ്റുമതിലിന്റെയും ടോയ് ലറ്റിന്റെയും നിർമ്മാണം നടന്നുവരികയാണെന്നും അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു. ജി.എൽ.പി സ്കൂൾ കെട്ടിടം ഗവ: വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ കോമ്പൗണ്ടിലേക്ക് മാറ്റാത്ത സാഹചര്യത്തിൽ 2018-19 വർഷം 2,94,333 രൂപ (വൗച്ചർ നം. 21800584,21800585/10.10.2018) വാടകയിനത്തിൽ നൽകേണ്ടി വന്നു. മേൽ സാഹചര്യത്തിൽ ജി.എൽ.പി സ്കൂൾ കെട്ടിടം ബാലുശ്ശേരി വി.എച്ച്.എസ്.ഇ കോമ്പൗണ്ടിലേക്ക് മാറ്റുന്നതിനുള്ള കാലതാമസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-14-3 കുടിവെള്ള പദ്ധതികൾക്കായി 19.35 ലക്ഷം രൂപ കേരള ജല അതോറിറ്റിയിൽ നിക്ഷേപിച്ചു - തുടർ നടപടികൾ അനിശ്ചിതത്വത്തിൽ.

| പ്രോജക്ട് നം, പേര് | 164/19, കൂവക്കാട് കുടിവെള്ള പദ്ധതി (വാർഡ് - 13) | 158/18, വടക്കേടത്ത് കുടിവെള്ള പദ്ധതി (വാർഡ് - 15) |
|---|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ |
| നിക്ഷേപിച്ച തുക | 8,25,000/- | 11,10,000/- |
| ബിൽ നം | 47/28.03.2019 | 40/15.02.18 |

2017-18 ലെ വാർഷിക പദ്ധതിയിൽ കൂവക്കാട് കുടിവെള്ള പദ്ധതിക്ക് 10ലക്ഷം രൂപ വകയിരുത്തിയിരുന്നു. എന്നാൽ പ്രസ്തുത വർഷം പ്രവൃത്തി നടത്തുന്നതിനായി യാതൊരു തുകയും കേരള ജല അതോറിറ്റിയിൽ നിക്ഷേപിച്ചില്ല. തൻ വർഷം ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതമായ 5 ലക്ഷം രൂപയും ഗ്രാമപഞ്ചായത്ത് വിഹിതമായ 3.25 ലക്ഷം രൂപയും (എസ്.സി.പി) കൂടി ചേർത്ത് ആകെ 8.25 ലക്ഷം രൂപ ജല അതോറിറ്റിയിൽ നിക്ഷേപിച്ചു. എന്നാൽ തുക കൈമാറുന്നതിന് മുൻപ് ജല അതോറിറ്റിയുമായി ഗ്രാമപഞ്ചായത്ത് കരാർ ചമച്ചില്ല. തദ്ദേശ ഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ തുക മുൻകൂർ നൽകാവൂ എന്ന് പദ്ധതി മാർഗ്ഗ രേഖയിൽ നിഷ്കർഷിക്കുന്നു [ സ.ഉ (കൈ)നം. 11/2018/തസ്വഭവ തീയതി. 29.01.2018, ഖണ്ഡിക നം. 11(2) ഡി]. കുടിവെള്ള പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് 15.12.2017, 05.02.2018, 29.01.2019 എന്നീ തീയതികളിൽ ജല അതോറിറ്റിക്ക് കത്തയച്ചു. തുടർന്ന് 33 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 02.03.2019 ന് പഞ്ചായത്തിന് സമർപ്പിക്കുകയും 24.75 ലക്ഷം രൂപ കൂടി അടവാക്കാനാവശ്യപ്പെട്ടുകൊണ്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കത്തെഴുതുകയും ചെയ്തു. പദ്ധതിക്ക് ഭൂജല വകുപ്പിൽ നിന്നുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് 15.01.2019 ൽ ലഭിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ലഭ്യമല്ല.

വടക്കേടത്ത് കുടിവെള്ള പദ്ധതിയുടെ കിണറും പമ്പ് ഹൗസും നിർമ്മിക്കുന്നതിനായി 11.10 ലക്ഷം രൂപ 2017-18 വർഷം ജല അതോറിറ്റിയിൽ നിക്ഷേപിച്ചിരുന്നു. എന്നാൽ ആയതിന് കേരള ജല അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ടില്ല. (2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക നം. കാണുക) പദ്ധതി പൂർണ്ണ രൂപത്തിൽ പ്രാവർത്തികമാക്കുന്നതിന് 35 ലക്ഷം രൂപയോളം ചെലവ് വരുമെന്നും ആയത് പൂർത്തിയാക്കുന്നതിനുള്ള ബാക്കി തുക വരും വർഷങ്ങളിൽ വകയിരുത്തുന്നതായിരിക്കും എന്ന പഞ്ചായത്ത് തീരുമാനം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ജല

അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ 25.01.2018, 20.03.2018, 31.03.2018 എന്നീ തീയതികളിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കത്തെഴുതിയിരുന്നു. ഭരണസമിതിയുടെ തീരുമാന പ്രകാരം (നം. 4-1/28.03.2018) 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള തുക വകയിരുത്തിയിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 11.04.2018 ന് ജല അതോറിറ്റിയെ അറിയിച്ചിട്ടുണ്ട്. എന്നാൽ 2018-19 IKM ചെലവ് പത്രികയിൽ പദ്ധതി ഉൾപ്പെട്ടില്ല. ഇതിനിടെ 20.11.2018 ന് വടക്കേടത്ത് പ്രദേശവാസികളായ 17 ഗുണഭോക്താക്കൾ ഒരു അപേക്ഷ ഗ്രാമപഞ്ചായത്തിന് നൽകി. ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ ഈ പദ്ധതിയുടെ ഗുണഭോക്താക്കളുടെ പ്രദേശത്ത്കൂടിയാണ് കടന്ന് പോകുന്നതെന്നും നിലവിലെ വടക്കേടത്ത് കുടിവെള്ള പദ്ധതി ജപ്പാൻ കുടിവെള്ള പദ്ധതിയിലേക്ക് മാറ്റി മുഴുവൻ ഗുണഭോക്താക്കളുടെയും വീട്ടിലേക്ക് കണക്ഷൻ നൽകാനും അപേക്ഷയിൽ ആവശ്യപ്പെടുന്നു. നിർദ്ദിഷ്ട പദ്ധതി പ്രകാരം പ്രവൃത്തി നടന്ന് കുടിവെള്ളം ലഭിക്കുന്നതിന് കാലതാമസം വരുമെന്നതിനാലും പ്രസ്തുത സ്ഥലത്തിനടുത്തുവരെ ജപ്പാൻ കുടിവെള്ള വിതരണ പൈപ്പ് ലൈൻ എത്തിയതിനാലും നിലവിലുള്ള എസ്റ്റിമേറ്റ് മാറ്റി അതേ തുകയ്ക്ക് ജപ്പാൻ കുടിവെള്ള വിതരണത്തിലുൾപ്പെടുത്തി വിതരണ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി തരുന്നതിന് ഭരണസമിതിയുടെ 26.11.2018 ലെ തീരുമാന പ്രകാരം (നം.2(3)) ഗ്രാമപഞ്ചായത്ത് സെക്രട്ടറി 31.12.2018 ന് ജല അതോറിറ്റിയെ അറിയിച്ചു. തുടർ നടപടികളുടെ വിവരം ലഭ്യമല്ല.

കേരള ജല അതോറിറ്റിയുടെ 28.01.2005 ലെ കെ.ഡബ്ല്യു.എ/ എച്ച്. ഒ /എഫ്.എം/ഡി.ഡബ്ല്യു/01 ഉത്തരവിൽ കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ നിക്ഷേപകരിൽ നിന്നും നിക്ഷേപം സ്വീകരിക്കാൻ പാടുള്ളൂ എന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ മേൽപ്പറഞ്ഞ രണ്ട് നിക്ഷേപങ്ങൾ സ്വീകരിച്ചപ്പോഴും പ്രസ്തുത ഉത്തരവ് ജല അതോറിറ്റി പാലിച്ചില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം. 23/08.08.2019) മറുപടി ലഭ്യമാക്കിയില്ല.

മേൽ സാഹചര്യത്തിൽ താഴെ പറയുന്നവയ്ക്ക് മറുപടി സമർപ്പിക്കേണ്ടതാണ്.

1. തുക നിക്ഷേപിക്കുന്നതിനു മുൻപ് KWA യുമായി കരാറിൽ ഏർപ്പെടാതിരുന്നതിന്റെ കാരണം.

2. നിർദ്ദിഷ്ട പദ്ധതിയുടെ സമീപത്തു കൂടെ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ കടന്നു പോകുന്നുണ്ടെങ്കിൽ ഇത്തരത്തിലുള്ള ഒരു പ്രോജക്ട് രൂപീകരിക്കാനുണ്ടായ സാഹചര്യം.

3. കുവക്കാട് കുടിവെള്ള പദ്ധതി നടത്തിപ്പിന്റെ തുടർ നടപടികളുടെ വിവരവും വടക്കേടത്ത് കുടിവെള്ള പദ്ധതിയുടെ എസ്റ്റിമേറ്റ് മാറ്റുന്നതിന് സ്വീകരിച്ച നടപടികളുടെ തുടർ വിവരവും.

## 1-14-4 മൊബൈൽ ആപ്ലിക്കേഷൻ - അപ്ഡേഷൻ നടത്തുന്നില്ല.

ഗ്രാമപഞ്ചായത്തിലെ വിവരങ്ങളും സേവനങ്ങളും കൂടുതൽ സുതാര്യമാക്കുന്നതിനും പഞ്ചായത്തിൽ നിന്നുള്ള അറിയിപ്പുകളും വാർത്തകളും വളരെ പെട്ടെന്ന് ജനങ്ങളിലേക്ക് എത്തിക്കുന്നതിനും വേണ്ടി രൂപകൽപന ചെയ്തിട്ടുള്ളതാണ് മൊബൈൽ ആപ്ലിക്കേഷൻ. ഇതിന്റെ പ്രവർത്തനം നടപ്പിലാക്കുന്ന "ടോഗ്ൾ ടെക്ക്നോളജീസ് സൊല്യൂഷൻ, തൃശ്ശൂർ" എന്ന സ്ഥാപനവുമായി 04.04.2018 ന് പഞ്ചായത്ത് സെക്രട്ടറി കരാർ ഒപ്പുവെച്ചു. ഭരണസമിതി തീരുമാനങ്ങൾ, ഗുണഭോക്തൃ ലിസ്റ്റുകൾ, ബഡ്ജറ്റ്, തൊഴിലുറപ്പ്, ഗ്രാമസഭ, പദ്ധതികൾ, നിർദ്ദേശങ്ങൾ, ലേബർ ബാങ്ക്, ബ്ലഡ് ബാങ്ക്, മറ്റ് ഓൺ ലൈൻ സേവനങ്ങൾ എന്നിവ ഈ ആപ്ലിക്കേഷനിൽ നിന്ന് സൗജന്യമായി ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യമുണ്ട്. പൊതുജനങ്ങൾക്ക് വളരെ സൗകര്യപ്രദമായ ഈ ആപ്ലിക്കേഷന്റെ പ്രാരംഭപ്രവർത്തനത്തിനും തുടർപ്രവർത്തനത്തിനുമാവശ്യമായ തുക പരസ്യദാതാക്കളിൽ നിന്നും കണ്ടെത്താവുന്നതാണ്. കരാർ വ്യവസ്ഥ പ്രകാരം ആപ്ലിക്കേഷന്റെ കാലാവധി ഇൻസ്റ്റാൾ ചെയ്യുന്ന തീയതി മുതൽ 5 വർഷത്തേക്കാണ്. ആപ്ലിക്കേഷൻ വികസനത്തിനും മറ്റ് ചെലവുകൾക്കുമായി തൻവർഷം 25,000/- രൂപ തനത് ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട് (വൗച്ചർ നം. 21800127/17.05.2018). 5 വർഷത്തെ മെയിന്റനൻസിനും അപ്ഡേഷനുമായി വരുന്ന തുക ഗ്രാമപഞ്ചായത്ത് ടോഗ്ൾ ടെക്ക്നോളജീസ് സൊല്യൂഷൻ എന്ന സ്ഥാപനത്തിന് നൽകേണ്ടതും ഈ തുക പരസ്യ

ദാതാക്കളിൽനിന്നും സ്വരൂപിക്കേണ്ടതുമാണ്. നിലവിൽ ആപ്ലിക്കേഷൻ പ്രവർത്തനക്ഷമമാണെങ്കിലും യാതൊരു വിധത്തിലുള്ള അപ്ഡേഷനും നടക്കുന്നില്ല. മെയ് 2018 വരെയുള്ള വിവരങ്ങൾ മാത്രമാണ് ഇപ്പോൾ ലഭ്യമാവുന്നത്. യഥാസമയമുള്ള അപ്ഡേഷൻ നടത്തുകയാണെങ്കിൽ ഇത് കൂടുതൽ ഉപഭോക്താക്കൾ ഉപയോഗപ്പെടുത്തുകയും അതുവഴി കൂടുതൽ പരസ്യം ലഭിക്കാനും സാധ്യതയുണ്ട്. പരസ്യത്തിലൂടെ ലഭിക്കുന്ന വരുമാനം ആപ്ലിക്കേഷൻ നടത്തിപ്പിനും, മിച്ചം വരുന്ന തുക പഞ്ചായത്തിന്റെ ഒരു വരുമാന സ്രോതസ്സായി ഉപയോഗിക്കാമെന്നും കരാറിൽ വ്യക്തമാക്കുന്നുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം.17/07.08.2019) ലഭ്യമാക്കിയ മറുപടിയിൽ വിവരങ്ങൾ യഥാസമയത്ത് അപ്ഡേറ്റ് ചെയ്യുന്നതിന് ഐ.കെ.എമ്മിന്റെ ടെക്നിക്കൽ അസിസ്റ്റന്റിനെ ചുമതലപ്പെടുത്തുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, മൊബൈൽ ആപ്ലിക്കേഷൻ അപ്ഡേഷൻ നടത്തി വിവരം ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഈ സംവിധാനത്തിന് പൊതുജനങ്ങൾക്കിടയിൽ വേണ്ടത്ര പ്രചാരം ലഭിച്ചിട്ടുണ്ടോ എന്ന കാര്യവും വ്യക്തമാക്കേണ്ടതാണ്.

# 1-14-5 കുടിവെള്ള പദ്ധതി ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് കൈമാറിയില്ല – പഞ്ചായത്തിന് സാമ്പത്തിക ബാധ്യത.

ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ അഞ്ച് വാർഡുകളിൽ കുടിവെള്ളമെത്തിക്കുന്ന ഒരു വൻ സംരംഭമാണ് മഞ്ഞപ്പാലം കുടിവെള്ള പദ്ധതി. കേരള ജല അതോറിറ്റിയുടെ ഉടമസ്ഥതയിലായിരുന്ന പദ്ധതി പഞ്ചായത്തിന് കൈമാറുകയാണുണ്ടായത്. നിലവിൽ ഗ്രാമപഞ്ചായത്താണ് ഇതിന്റെ പ്രവർത്തനം നടത്തിവരുന്നത്. ഇതിൽ 3 പട്ടികജാതി കോളനികളും ഉൾപ്പെടുന്നു. കുടിവെള്ളമുപയോഗിക്കുന്ന ആകെ ഗുണഭോക്താക്കളുടെ കൃത്യമായ കണക്ക് പഞ്ചായത്തിൽ ലഭ്യമല്ല. വീട്ടാവശ്യത്തിന് 50 രൂപയും വാണിജ്യാവശ്യത്തിനുള്ള കണക്ഷന് 300 രൂപയുമാണ് വാട്ടർ ചാർജ്ജിനത്തിൽ പ്രതിമാസം ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കിവരുന്നത്. "വാട്ടർ ചാർജ്ജ്" രജിസ്റ്റർ പ്രകാരം പ്രസ്തുത കുടിവെള്ള പദ്ധതിക്ക് തൻവർഷം 1,43,550 രൂപ വരവ് വന്നിട്ടുണ്ട്. പമ്പ് ഓപ്പറേറ്ററുടെ കൂലിയിനത്തിൽ 2,10,650 രൂപയും വൈദ്യുതി ചാർജ്ജിനത്തിൽ 2,93,133 രൂപയും കൂടി ആകെ 5,03,783/- രൂപ തനതുഫണ്ടിൽ നിന്നും പദ്ധതിക്കായി തൻവർഷം ചെലവഴിച്ചു. അതായത് 2018-19 വർഷം ഗ്രാമപഞ്ചായത്തിന് 3,60,233 (5,03,783 – 1,43,550) രൂപയുടെ അധിക ബാധ്യതയുണ്ടായി. സ്കീമുകളിൽ നിന്നും വെള്ളക്കരമിനത്തിൽ ലഭിക്കുന്ന തുക നിലവിൽ പദ്ധതിയുടെ നടത്തിപ്പ് ചെലവുകൾക്ക് തികയുന്നില്ലെന്ന് മാത്രമല്ല, ഗ്രാമപഞ്ചായത്തിന് ഇത് വൻ സാമ്പത്തിക ബാധ്യതയും ഉണ്ടാക്കുന്നു. വളരെ വർഷങ്ങൾക്ക് മുൻപുള്ള കുടിവെള്ള പദ്ധതിയായതിനാൽ ഭാവിയിൽ അറ്റകുറ്റപണികൾ കൂടുതലായി നടത്തേണ്ടിവരും. അത്തരം സാഹചര്യങ്ങളിൽ തദ്ദേശഭരണ സ്ഥാപനത്തിന് ചെലവ് വഹിക്കാമെങ്കിലും വലിയ സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതിന് ഇത് ഇടയാക്കും. കൂടാതെ വെള്ളക്കരം പിരിക്കുന്നതിന് വലിയ തോതിലുള്ള മനുഷ്യാധ്വാനവും ഗ്രാമപഞ്ചായത്തിന് ഉപയോഗിക്കേണ്ടിവരുന്നു. പ്രവർത്തനക്ഷമവും ജലലഭ്യതയുള്ളതുമായ പദ്ധതികൾ, അവയുടെ ആസ്തി - ബാധ്യതകൾ കണക്കാക്കി ഏറ്റെടുത്തു കഴിഞ്ഞാൽ കാലതാമസം കൂടാതെ തന്നെ നടത്തിപ്പ് ചുമതല ഗുണഭോക്തൃ ഗ്രൂപ്പുകളെ ഏൽപിക്കേണ്ടതാണ്.

ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് കൈമാറാത്ത സ്കീമുകളെ സംബന്ധിച്ചിടത്തോളം അറ്റകുറ്റപണികൾ നടത്തേണ്ടതുണ്ടെങ്കിൽ മെയിന്റനൻസ് നടത്തി പൂർണ്ണമായും പ്രവർത്തനക്ഷമമാക്കുന്നതിനും തുടർന്ന് ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് കൈമാറുന്നതിനും ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണെന്ന് സ.ഉ.

(സാധാ) നം.1275/2009/തസ്വഭവ തീയതി. 30.05.2009 ൽ നിഷ്കർഷിക്കുന്നു. എന്നാൽ നാളിതുവരെയും മഞ്ഞപ്പാലം കുടിവെള്ള പദ്ധതി ഗുണഭോക്തൃ ഗ്രൂപ്പിന് കൈമാറിയില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം.16/07.08.2019) മറുപടിയിൽ പദ്ധതി 1999 വർഷത്തിൽ ആരംഭിച്ചതാണെന്നും ലഭ്യമായ കണക്കുകൾ പ്രകാരം 2013-14 വർഷത്തിൽ 2,25,000 രൂപയും 2018-19 വർഷത്തിൽ 72,373 രൂപയും കുടിവെള്ള പദ്ധതിക്കുവേണ്ടി ചെലവഴിച്ചിട്ടുണ്ടെന്നും സൂചിപ്പിക്കുന്നു. കൂടാതെ ഗുണഭോക്താക്കളുടെ സർവ്വെ നടത്തി, കുടിശ്ശിക ഉണ്ടെങ്കിൽ ആയത് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ 5 വാർഡുകളിൽ നിന്നുള്ളവരായതുകൊണ്ട് പദ്ധതി ഏറ്റെടുത്തു നടത്താൻ തയ്യാറല്ല എന്ന മറുപടി തൃപ്തികരമല്ല.

മേൽ സാഹചര്യത്തിൽ താഴെ പറയുന്ന കാര്യങ്ങൾക്ക് മറുപടി സമർപ്പിക്കേണ്ടതാണ്.

1. പദ്ധതി ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് കൈമാറാത്തതിന്റെ കാരണം.

2. ഗുണഭോക്താക്കളിൽ നിന്നും ഈടാക്കാൻ ബാക്കിയുള്ള കുടിശ്ശികയുടെ വിവരം.

3. ഗുണഭോക്താക്കൾക്ക് മേൽപറഞ്ഞ നിരക്കിലുള്ള വാട്ടർ ചാർജ്ജ് നിശ്ചയിച്ച വർഷം.

4. ജല അതോറിറ്റിയിൽ നിന്നും കൈമാറിക്കിട്ടിയതിനു ശേഷം പദ്ധതിയുടെ അറ്റകുറ്റപണികൾക്കും മറ്റുമായി ചെലവഴിച്ച തുകയുടെ വർഷം തിരിച്ചുള്ള വിവരം.

# 1-14-6 ശമ്പളപരിഷ്ക്കരണ കുടിശ്ശികയ്ക്ക് അനുസൃതമായ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല.

സ.ഉ. (പി) നം. 7/2016/ഫിൻ. തീയതി 20.01.2016 പ്രകാരം ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2018-19 സാമ്പത്തിക വർഷത്തിൽ ജീവനക്കാരുടെ ശമ്പള കുടിശ്ശികയുടെ 3,4 ഗഡുക്കൾ താഴെ പറയും പ്രകാരം നൽകുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം. | ലയിപ്പിച്ച തുക | വൗച്ചർ നമ്പർ | തീയതി | ഗഡു |
|---|---|---|---|---|
| 1. | 70,072 | 21800200 | 13.06.2018 | 3 |
| 2. | 2,56,955 | 2100201 | 13.06.2018 | 3 |
| 3. | 44,007 | 21800591 | 15.10.2018 | 4 |
| 4. | 3,74,375 | 21800592 | 15.10.2018 | 4 |
| 5. | 34,771 | 21800582 | 0.10.2018 | 4 |

മേൽ ഉത്തരവിലെ ഖണ്ഡിക 48 (1)പ്രകാരം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ 3, 4 ഗഡുക്കൾ അടവാക്കിയ ജീവനക്കാരുടെ ശമ്പളപരിഷ്കരണ കുടിശ്ശികയിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ ഈടാക്കിയില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി 01.04.2013 ന് ശേഷം സർവ്വീസിൽ പ്രവേശിച്ചതും, മേൽകാലയളവിൽ ശമ്പള പരിഷകരണ കുടിശ്ശികയുടെ 3,4 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കപ്പെട്ടതുമായ എല്ലാ ജീവനക്കാരുടെയും ശമ്പള വർദ്ധനവിന് ആനുപാതികമായുള്ള പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കേണ്ടതും തുക അടവാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം. 23/30.07.2019) മറുപടിയിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

# 1-14-7 ആശ്രയ പദ്ധതി നടത്തിപ്പ്- അപാകതകൾ

2018-19 വർഷങ്ങളിലെ ആശ്രയ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

**1.) പദ്ധതി പ്രവർത്തന പുരോഗതി വിലയിരുത്തുന്നില്ല.**

ആശ്രയ പദ്ധതിയുടെ പൊതുനടത്തിപ്പിന്റെ മേൽനോട്ടം വിലയിരുത്തൽ സമിതിയിൽ നിക്ഷിപ്തമാണ്. ആശ്രയ പ്രൊജക്ടിന്റെ പ്രവർത്തനം നിരന്തരം വിലയിരുത്തുന്നതിനായി വിലയിരുത്തൽ സമിതിയിൽ ഒരു ഉപസമിതി രൂപീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് അധ്യക്ഷനായ മേൽ സമിതിയിൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ, സെക്രട്ടറി, മെഡിക്കൽ ഓഫീസർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ, സാമൂഹ്യ പ്രവർത്തകർ, സി.ഡി.എസ്. ചുമതലയുള്ള അംഗം എന്നിവർ ഉണ്ടായിരിക്കേണ്ടതാണ്. ആശ്രയ പ്രവർത്തന പുരോഗതി വിലയിരുത്തൽ, പ്രൊജക്ടിന്റെ ഗുണനിലവാരം പരിശോധിക്കൽ, വിവധ സ്പോൺസർഷിപ്പുകൾ കണ്ടെത്തൽ തുടങ്ങിയവയാണ് സമിതിയുടെ ചുമതലകൾ.രണ്ടു മാസത്തിലൊരിക്കൽ നിർബ്ബന്ധമായും മേൽ കമ്മറ്റി യോഗം ചേരേണ്ടതാണ്. 01.11.2016 ന് 14 പേർ പങ്കെടുത്ത യോഗത്തിന് ശേഷം 20.07.2018നാണ് 21 അംഗങ്ങൾ പങ്കെടുത്ത അടുത്ത യോഗം നടന്നത്. കമ്മറ്റി ചേർന്ന് പദ്ധതി പ്രവർത്തന പുരോഗതി യഥാവിധി വിലയിരുത്തിയിട്ടില്ല.

2)ഗുണഭോക്താക്കൾക്ക് പദ്ധതി പ്രകാരമുള്ള സേവനങ്ങൾ ലഭിക്കുന്നില്ല.

ആശ്രയ പദ്ധതി പ്രകാരം തുടർസേവനത്തിൽ 42 ഗുണഭോക്താക്കളും, രണ്ടാം ഘട്ടത്തിൽ 112 ഗുണഭോക്താക്കളുമാണുള്ളത്. ഇതിൽ തന്നെ വീട്, കക്കൂസ്, കുടിവെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റേണ്ടവരുണ്ട്. തുടർ സേവനം സംബന്ധിച്ച പ്രൊജക്ട് പ്രകാരമുള്ള 42 ഗുണഭോക്താക്കൾക്ക്, പദ്ധതി പ്രവർത്തനങ്ങൾ കേവലം ഭക്ഷണ വിതരണത്തിൽ മാത്രമൊതുക്കി.

രണ്ടാം ഘട്ടത്തിൽ 112 ഗുണഭോക്താക്കളാണുള്ളത് പദ്ധതി പ്രകാരം ഇവർക്ക് ആവശ്യമായിട്ടുള്ള സേവന പാക്കേജിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | സേവനം ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം | ലഭിച്ചവർ | ലഭിക്കാത്തവർ |
|---|---|---|---|
| ഭക്ഷണം | 73 | 73 | 00 |
| വീട് | 24 | --- | 24 |
| ചികിൽസ | 54 | --- | 54 |
| വീട് റിപ്പയർ | 19 | --- | 19 |
| കുടിവെള്ളം | 28 | -- | 28 |
| വസ്ത്രം | 73 | --- | 73 |
| കക്കൂസ് | 25 | --- | 25 |
| ഭൂമി | 01 | --- | 01 |
| വിദ്യാഭ്യാസം | 10 | --- | 10 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 19/18-19 തിയ്യതി:07/08/2019 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-14-8 വനിതാ കാന്റീൻ- ബാക്ക് എന്റ് സബ്സിഡി നൽകിയത്-അപാകതകൾ

**പ്രൊജക്ക്റ്റ് നം 167/19(സ്പിൽ ഓവർ 133/18)**

**അടങ്കൽ തുക 200000/- രൂപ**

**ചെലവു തുക 200000/- രൂപ**
**ബിൽ നം 5 തിയതി- 25/01/2019**

8 പേരടങ്ങിയ ഒരു വനിതാ ഗ്രൂപ്പിന് സ്ഥിര വരുമാനം ലഭ്യമാക്കാൻ സ്വയം തൊഴിൽ സംരംഭം(വനിതാ കാന്റീൻ) ആരംഭിക്കുന്നതിന് 200000/- രൂപ സബ്സിഡി അനുവദിക്കുന്നതിനാണ് ഈ പ്രൊജക്റ്റ് തയാറാക്കിയിട്ടുള്ളത്. സ്വാദ് കുടുംബശ്രീ എന്ന സ്ഥാപനത്തിന് സബ്സിഡിയായി 200000/-രൂപ കാനറ ബാങ്കിന്റെ ബാലുശ്ശേരി ബ്രാഞ്ചിൽ നിക്ഷേപിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു

1) ഈ പ്രൊജക്റ്റുമായി ബന്ധപ്പെട്ട് ഗ്രാമ സഭകൾ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് , ഭരണ സമിതിയുടെ തീരുമാനം എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

2)പ്രൊജക്റ്റ് റിപ്പോർട്ട് പ്രകാരം ഗ്രൂപ്പ്, ബാങ്ക് വായ്പ ലഭ്യമാക്കി പദ്ധതി ആരംഭിക്കേണ്ടതും, 6 മാസം വിജയകരമായി പൂർത്തിയാക്കി ഭരണ സമിതി അംഗീകാരം ലഭിച്ചതിന് ശേഷമാണ് ബാക്ക് എന്റ് സബ്സിഡി നൽകേണ്ടത്. പഞ്ചായത്തിന്റെ അധീനതയിലുള്ള ഇ എം എസ് ഷോപ്പിങ് കോംപ്ലക്സിലെ 7/876,7/877 നമ്പർ മുറികൾ ഇവർക്ക് താൽക്കാലികമായി വാടകക്ക് നൽകാൻ 18/12/2018 തീയതിയിലെ 5/2018(1) തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. തുടർന്ന് 02/02/2019 ന് ഇവർക്ക് ഡി& ഒ ലൈസൻസ് നൽകി(1028/2018-19) ഇതിൽ ലൈസൻസ് കാലയളവ് 14/01/2019 മുതലാണ് കാണിച്ചിരിക്കുന്നത്.14/01/2019 ന് ആരംഭിച്ച സ്ഥാപനത്തിന് പ്രൊജക്റ്റ് റിപോർട്ടിന് വിരുദ്ധമായി സബ്സിഡിയായി 200000/- രൂപ നൽകി.

മേൽ അപാകതയ്ക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ അന്വേഷണക്കുറിപ്പിന് നൽകിയ മറുപടിയിൽ 17-08-2019 ലെ ഗ്രാമ സഭയിൽ, വനിതാ കാന്റീൻ ആരംഭിച്ചതിന് സാധൂകരണം വാങ്ങാൻ അപേക്ഷിച്ചതായി കാണിച്ചിരിക്കുന്നു. ഏതൊരു പദ്ധതിയുടെയും മുന്നോടിയായി പഞ്ചായത്ത് ഗുണഭോക്തൃ ലിസ്ററ് ഉണ്ടാക്കേണ്ടതാണ്, ഈ പദ്ധതിയുടെ കാര്യത്തിൽ പഞ്ചായത്ത് ഗുണഭോക്തൃ ലിസ്റ്റ് തയാറാക്കിയിട്ടില്ല. പഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതികൾക്ക് സുതാര്യത ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14-9 പട്ടികജാതി/പട്ടിക വർഗ വിദ്യാർഥികൾക്ക് മേശയും കസേരയും നൽകിയത്-അപാകതകൾ

### പ്രൊജക്റ്റ് നം 46/19

**അടങ്കൽ തുക 1396000/- രൂപ, 335 എണ്ണം**

**ചെലവു തുക 1099829/- രൂപ**
**ബിൽ നം 5 തിയതി- 27/03/2019**

**പ്രൊജക്റ്റ് നം 51/19**

**അടങ്കൽ തുക 67500**

**ചെലവ് തുക 21000/- രൂപ, 6എണ്ണം**
**ബിൽ നം 4 തിയതി -23/03/2019**

പട്ടിക ജാതി/ പട്ടിക വർഗ്ഗ വിദ്യാർഥികൾക്ക് മേശ കസേര തുടങ്ങിയവ വിതരണം ചെയ്ത വകയിൽ ARTCO LTD കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും (ആകെ 341 (335+6) വാങ്ങി പഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട ഫയലുകളും രേഖകളും പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു

1)സബ്സിഡി മാർഗ്ഗ രേഖ പ്രകാരം സ്കൂൾ അധികൃധർ നൽകുന്ന ലിസ്റ്റ് പ്രകാരമാണ് ഫർണിച്ചർ നൽകേണ്ടത്, ഇത് പ്രകാരം ലഭിച്ച ലിസ്റ്റിന് ഗ്രാമ സഭയുടെ അംഗീകാരം വാങ്ങേണ്ടതാണ്, ഇത് വാങ്ങിയിട്ടില്ല. പഞ്ചായത്തിന്റെ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ പട്ടിക ജാതി വിഭാഗത്തിൽ 158 പേരും, പട്ടിക വർഗ വിഭാഗത്തിൽ 12 പേരും മാത്രമാണുള്ളത്. എന്നാൽ 341 പേർക്ക് ഫർണിച്ചർ വിതരണം ചെയ്തിട്ടുണ്ട്. 171 പേർ പഞ്ചായത്തിന്റെ ഗുണഭോക്തൃലിസ്റ്റിൽപ്പെടാത്തവരാണ്.

2)ലഭിച്ച ഫർണിച്ചറുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തിട്ടില്ല.

3)ഒരു വിദ്യാർത്ഥിക്ക് ഒരു തവണ മാത്രമേ ഈ അനുകൂല്യം അനുവദിക്കേണ്ടതുള്ളൂ എന്നതിനാൽ പട്ടിക ജാതി/ പട്ടിക വർഗ്ഗ വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ ഈ ആനുകൂല്യം കൈപറ്റിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതായിരുന്നു. ഇത് ചെയ്തിട്ടില്ല.

മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ അന്വേഷണക്കുറിപ്പിനു മറുപടി നൽകിയിട്ടില്ല, പഞ്ചായത്തിന്റെ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ അർഹരായ മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി ഗുണഭോക്തൃ ലിസ്റ്റ് പുനക്രമീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# 1-14-10 പരിസ്ഥിതി സൗഹാർദ്ദ പാത്ര വിതരണ യൂനിറ്റ് -അപാകതകൾ

**പ്രൊജക്റ്റ് നം 41/19**

**അടങ്കൽ തുക 600000/-രൂപ**

**ചെലവ് തുക 250000/- രൂപ**
**ബിൽ നം 7 തിയതി- 28/03/2019**

പ്രൊജക്റ്റ് പ്രകാരം താഴെപറയുന്ന 5 വനിതാ ഗ്രൂപ്പ് സംരഭകർക്ക് പാത്ര വിതരണ യൂനിറ്റ് തുടങ്ങുന്നതിന് ബാക്ക് എന്റ് സബ്സിഡിയായി 50000/- വീതം നൽകിയിട്ടുണ്ട്.

| ക്രമ നം | പേര് | വാർഡ് നം |
|---|---|---|
| 1 | സ്നേഹ കുടുംബശ്രീ | 1 |
| 2 | ഐശ്വര്യ കുടുംബശ്രീ | 3 |
| | | |

| | | |
|---|---|---|
| 3 | കീർത്തി കുടുംബശ്രീ | 5 |
| 4 | സൗഭാഗ്യ കുടുംബശ്രീ | 8 |
| 5 | പൊന്നാരം അക്ഷയശ്രീ(വിഗ്നേശ്വര) | 9 |

ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ.

1)2018-19 വർഷത്തേക്ക് ഗ്രാമ സഭകൾ/ഭരണ സമിതി അംഗീകരിച്ചതും വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചതുമായ ഗുണഭോക്തൃ ലിസ്റ്റിൽ സ്നേഹ കുടുംബശ്രീ, ഐശ്വര്യ കുടുംബശ്രീ, പൊന്നാരം അക്ഷയശ്രീ (വിഘ്നേശ്വര) എന്നിവ ഉൾപ്പെട്ടിട്ടുണ്ടായിരുന്നില്ല 24-01-2019 ന് മേൽ പറഞ്ഞ 5 സ്ഥാപനങ്ങളെ മാത്രം ഉൾപ്പെടുത്തി ഒരു പുതിയ ലിസ്റ്റ് ഉണ്ടാക്കിയിട്ടുണ്ട്. ഈ ലിസ്റ്റിന് ഗ്രാമ സഭകളുടെ അംഗീകാരം ലഭിച്ചിട്ടില്ല.

2. ഗ്രാമ സഭകൾ/ഭരണ സമിതി അംഗീകരിച്ചതും വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചതുമായ ലിസ്റ്റിൽ നിന്നും 10 പേരെ ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കുക

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി തൃപ്തികരമല്ല. ചെലവു തുക തടസ്സത്തിൽ വെക്കുന്നു.

# 1-14-11 നിർമാണം പൂർത്തിയായിട്ടും പകൽ വീട് തുറന്ന് പ്രവർത്തിക്കുന്നില്ല

പദ്ധതി നം 111/19

അടങ്കൽ തുക 59144/- രൂപ
ചെലവ് തുക 59144/- രൂപ

ബിൽ നം 8 തിയതി 21/12/2018

പകൽ സമയങ്ങളിൽ വീട്ടുകളിൽ ഒറ്റയ്ക്കാവുന്ന വയോജനങ്ങൾക്ക് വിശ്രമിക്കാനും വിനോദങ്ങളിൽ ഏർപ്പെടുന്നതിനുമായാണ് പകൽവീട് നിർമ്മിച്ചത്.

ഗ്രാമപഞ്ചായത്തിൽ നിർമാണം പൂർത്തിയാക്കിയ പകൽ വീട്ടിലേക്ക്, പദ്ധതി പ്രകാരം ആവശ്യമായ ഫർണിച്ചറുകൾ മേൽ ബിൽ പ്രകാരം ഫിഡ്കോ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഓഡിറ്റ് തിയതി വരെ പകൽവീടിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. പഞ്ചായത്ത് നിർമിച്ച കെട്ടിടവും ഫർണിച്ചറുകളും ക്രിയാത്മകമായി ഉപയോഗിക്കാതെ നിഷ് ക്രിയ ആസ്തിയായി ഇട്ടിരിക്കുന്നത് ശരിയായ നടപടിയല്ല. ഇക്കാര്യം ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മറ്റി പരിശോധിക്കുകയോ വേണ്ട നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. പകൽ വീടിന്റെ പ്രവർത്തനം ആരംഭിച്ച് ഓഡിറ്റിനെ അറിയിക്കുന്നത് വരെ ചെലവു തുക തടസ്സത്തിൽ വെക്കുന്നു.

# 1-14-12 വൃദ്ധർക്ക് കട്ടിൽ വിതരണം പദ്ധതി നടത്തിപ്പിൽ അപാകതകൾ

നിർവഹണദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് നമ്പർ 1. 180/19, 09/2019
അടങ്കൽ – 478500/- രൂപ
ചെലവ് തുക 477086/- രൂപ

എസ്.സി.,എസ്.ടി. കുടുംബങ്ങൾക്ക് കട്ടിൽ വാങ്ങി നൽകുക എന്ന ഉദ്ദേശത്തോടെയാണ് മേൽ പ്രോജക്ട് നടപ്പിലാക്കിയത്.

ഗ്രാമപഞ്ചായത്തിൽ ടെണ്ടർ പ്രകാരം ഫിഡ്കോ എൻറെർപ്രൈസസ് ഒളവണ്ണ എന്ന സ്ഥാപനത്തിൽ നിന്ന 1.98 മീറ്റർ നിളവും 90 സെ.മി.വീതിയും മുൻകാലിന് 60 സെ.മി. പിൻകാലിന് 50 സെ.മി.ഉയരവുമുള്ള 8 മി.മീ. കനവുമുള്ള പ്ളൈവുഡ് പതിച്ച 16 m.m.ഗേജുള്ള കട്ടിൽ താഴെ പറയുന്ന ഇൻവോയ്സ് പ്രകാരം വാങ്ങി വിതരണം ചെയ്തു.

ഇൻവോയ്സ് നമ്പർ )തീയ്യതി എണ്ണം തുക

117dated 09/11/2018 26 109772

78 dated 12/10/2018 30 126660

99dated 30.10.201 8 57 240654

330dated 31.01.2019 03 12666

പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടു.

1) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കാനുള്ള മാർഗ്ഗരേഖ ജി. ഒ. (പി) 259/2010 ത.സ്വ.ഭ.വ. 8.11.2010 ഉത്തരവ് പ്രകാരം ഒരു ലക്ഷത്തിൽ കൂടുതൽ മതിപ്പ വിലയുള്ള സാധനങ്ങൾ ഓപ്പൺ ടെണ്ടർ പ്രകാരം വാങ്ങണം. വ്യാപക പ്രചാരമുള്ള ഒരു ഇംഗ്ളിഷ് ദിനപത്രത്തിലും മലയാള ദിനപത്രത്തിലും പരസ്യം ചെയ്യണം. ടെണ്ടർ ഫോറത്തിന്റെ വിൽപനയും സമർപ്പണവും പരസ്യ തിയതി മുതൽ 21 ദിവസം നൽകണം. ടെണ്ടർ സമർപ്പിച്ചവരുടെയും സോഷ്യൽ ഓഡിറ്റ് കമ്മിറ്റി അംഗത്തിന്റെയും സാന്നിദ്ധ്യത്തിൽ ടെണ്ടറുകൾ പരസ്യമായി തുറക്കണം. എന്നാൽ പദ്ധതികൾ നടപ്പിലാക്കിയത് മേൽ നിബന്ധനകൾ പാലിക്കാതെയാണ്.

2) ഗുണഭോക്താക്കളുടെ ജാതി തെളിയിക്കുന്ന രേഖ ഹാജരാക്കിയിട്ടില്ല.

3) പട്ടിക വർഗ്ഗവിഭാഗത്തിൽ പെട്ടവർ പട്ടികവർഗ്ഗവകുപ്പിൽ നിന്നോ മറ്റെതെങ്കിലും സ്രോതസ്സുകളിൽ നിന്നോ

ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്ന വകുപ്പ് അധികൃതരുടെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. അപാകതകൾക്ക് വിശദികരണം നൽകേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി നൽകിയിട്ടുണ്ട്, ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14-13 തെരുവുവിളക്ക് അറ്റകുറ്റപണി - പദ്ധതി നടത്തിപ്പിൽ അപാകതകൾ

പ്രോജക്റ്റ് നമ്പർ -133/18-19

നിർവഹണദ്യോഗസ്ഥൻ – സെക്രട്ടറി

അടങ്കൽ തുക – 775200/- രൂപ (സി.എഫ്.സി.)

ചെലവ് തുക – 775040/- രൂപ

ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിന് മൂന്ന് വർഷത്തേയ്ക്ക് മെയ്ൻറനൻസ് നടത്തുന്നതിന് നാറ്റ് അസോസിയേറ്റ്സ്, ഉള്ളിയേരി എന്ന സ്ഥാപനത്തിൻെറ ടെണ്ടർ അംഗീകരിക്കുകയും അത് പ്രകാരം ഉടമ്പടി ചമയ്ക്കുകയും അതനുസരിച്ച് 24w ന്റെ 400 എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കി മൂന്ന് വർഷം നിലനിർത്തുന്നതിനായി 01.01.2018 ലെ ഉടമ്പടി വ്യവസ്ഥ ചെയ്യുന്നു. 2017-18 വർഷത്തിൽ 581280 രൂപയും 2018-19 വർഷത്തിൽ 193760/- രൂപയും നാറ്റ് അസോസിയേറ്റ്സിന് നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

1)ഉടമ്പടി പ്രകാരം 3വർഷ ഗ്യാരണ്ടി കാലയളവിൽ തെരുവുവിളക്കുകളിൽ ഏതെങ്കിലും പ്രവർത്തിക്കുന്നില്ല എന്ന് പഞ്ചായത്തിൽ നിന്ന് അറിയിപ്പ് ലഭിച്ചാൽ തൊട്ടടുത്ത ദിവസം തന്നെ കരാറുകാരൻ പരിശോധിച്ച് പ്രവർത്തനക്ഷമമാക്കുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി A7 5762/1.12.2018 നമ്പറിൽ പുറപ്പെടുവിച്ച നോട്ടീസ് പ്രകാരം നാറ്റ് അസോസിയേറ്റ്സ് പുതുതായി സ്ഥാപിച്ച വിളക്കുകളിൽ 246 എണ്ണം പ്രവർത്തിക്കുന്നില്ല എന്ന വിവരം 2018 ജൂൺ മാസം മുതൽ നാറ്റ് അസോസിയേഷനെ നിരവധി തവണ ഫോൺ മുഖേനയും നേരിട്ടും അറിയിച്ചിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനായി യാതൊരു നടപടിയും നാളിതുവരെയായി നാറ്റ് അസോസിയേറ്റ്സ് കൈകൊണ്ടിട്ടില്ല. കരാർ ലംഘനത്തിന് ഗ്രാമപഞ്ചായത്ത് സ്ഥാപനത്തിനെതിരെ നടപടി സ്വീകരിച്ചിട്ടില്ല.

2) തെരുവു വിളക്കിൻെറ റജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. അതിനാൽ തെരുവു വിളക്കിൻെറ എണ്ണം ,ഇനം എന്നിവ വ്യക്തമല്ല.

3)കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തിയതിൻെറ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

4)തെരുവ് വിളിക്ക് സംബന്ധിച്ച് ജനങ്ങൾക്കുള്ള പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നില്ല.

5)സ.ഉ.(എം.എസ്.) നമ്പർ 13/97/പവ്വർ ഡിപ്പാർട്ട്മെൻറ് തിയ്യതി 23.03.1997ലെ തെരുവുവിളക്കിൻെറ പരിപാലനം സംബന്ധിച്ച് ഉത്തരവ് പാലിച്ചിട്ടില്ല.

കരാർ ലംഘനത്തിന് നടപടി സ്വീകരിക്കേണ്ടതും മറ്റ് അപാകതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-14-14 ഹോമിയോ മരുന്നുകൾ വാങ്ങൽ- മരുന്നുകൾ പൂർണമായും ലഭിച്ചില്ല

പ്രൊജക്റ്റ് നം 91/19

അടങ്കൽ തുക – 200000/- രൂപ, (റോഡിതര സംരക്ഷണ ഗ്രാന്റ്)

ചെലവ് തുക - 200000/- രൂപ, ബിൽ നം 1 തിയതി .20/12/2018

പഞ്ചായത്ത് ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിന് 200000 രൂപ 20/12/2018 ന് ആലപ്പുഴ ഹോംകോയ്ക്ക് ട്രഷറിയിൽ നിന്ന് ഡയരക്ട് ട്രാൻസ്ഫർ നടത്തി നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം മരുന്ന് ലഭിച്ചതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | മരുന്ന് ലഭിച്ച തിയതി | തുക | ബാലൻസ് |
|---|---|---|---|
| 1 | 19/07/2019 | 106725/- | 93275 |

93275/- രൂപയുടെ മരുന്നുകൾ ഇതുവരെയും ലഭിച്ചിട്ടില്ല, ഈ തുകയ്ക്കുള്ള മരുന്നുകൾ ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി നൽകിയിട്ടില്ല. ഈ മരുന്നുകൾ ലഭ്യമാകുന്നത് വരെ 93275/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ചതിലെ അപാകതകൾ- നികുതി നഷ്ടം സംഭവിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടേയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 40രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

2011 ന് ശേഷം, നിർമാണം പൂർത്തിയായതും തറ വിസ്തീർണം അടിസ്ഥാനമാക്കി നികുതി നിർണയിച്ചതുമായ താഴെ പറയുന്ന,100 ച.മീ യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് സഞ്ചയയിൽ നികുതി കണക്കാക്കിയത് .ഇതുമൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതിവരവിൽ നഷ്ടം സംഭവിച്ചു.

| കെട്ടിട നമ്പർ/<br><br>കെട്ടിട ഉടമയുടെ പേരും വിലാസവും (സഞ്ചയ പ്രകാരം) | തറ വിസ്തീർണം (സഞ്ചയ പ്രകാരം) | ബാധക മാക്കിയ നികുതി നിരക്ക് | ബാധകമാക്കിയ നികുതി(ഇളവുകളും വർധനവും അടക്കം)+ ലൈബ്രറി സെസ്സ്)<br><br>(വഴി സൗകര്യം 20%വർദ്ധനവ്,<br><br>ഒന്നാം നില ഇളവ് 5%എന്നിവ അടക്കം) | ബാധകമാ ക്കേണ്ട നികുതി നിരക്ക് | ബാധകമാക്കണ്ട നികുതി(ഇളവുകളും വർധനവും അടക്കം)+ ലൈബ്രറി സെസ്) | നഷ്ടം |
|---|---|---|---|---|---|---|
| 1) 7/368/A11,അബ്ദുൾ ഖാദർ, ചേണിയലത്ത്, അത്തോളി,കൊളത്തൂർ,673315,,<br><br>(നികുതി പ്രാബല്യത്തിൽ വരുന്ന തിയതി-2014 ഒന്നാം അർദ്ധവർഷം മുതൽ) | 101.14 | 40 | (വഴി സൗകര്യം 20%വർദ്ധനവ്,<br><br>ഒന്നാം നില ഇളവ് 5%എന്നിവ അടക്കം)<br><br>4613+231=4844 | 50 | (വഴി സൗകര്യം 20%വർദ്ധനവ്,<br><br>ഒന്നാം നില ഇളവ് 5%എന്നിവ അടക്കം)<br><br>5765+289=6054 | 2014-15=1210<br><br>2015-16=1210<br><br>2016-17=1210<br><br>2017-18=1210<br><br>2018-19=1210<br><br>Total=6050 |
| 2) 7/1010ഇമ്പിച്ചിമൊയ്തി യു പി,ഉത്രാടത്ത് പടിക്കൽ,വാകയാട്,,,,<br>(നികുതി പ്രാബല്യത്തിൽ വരുന്ന തിയതി-2017 ഒന്നാം അർദ്ധവർഷം മുതൽ) | 146.65 | 40 | (വഴി സൗകര്യം 20%വർദ്ധനവ്,<br><br>7040+352=7392 | 50 | (വഴി സൗകര്യം 20%വർദ്ധനവ്,<br><br>8799+440=9239 | 2017-18=1847<br><br>2018-19=1847<br><br>Total=3694 |
| 3) 7/1286Aമെഹജബിൻ,എ-106,5/1576 ആർ,വികാസ്.,ജവഹർ നഗർകോളനി എരഞ്ഞിപ്പാലം കോഴിക്കോട്, എരഞ്ഞിപ്പാലം,673006<br><br>(നികുതി പ്രാബല്യത്തിൽ വരുന്ന തിയതി-2013 ഒന്നാം അർദ്ധവർഷം മുതൽ) | 227.43 | 40 | (വഴി സൗകര്യം 20%വർദ്ധനവ്,<br><br>ഒന്നാം നില ഇളവ് 5%എന്നിവ അടക്കം)<br><br>10372+519=10891 | 50 | (വഴി സൗകര്യം 20%വർദ്ധനവ്,<br><br>ഒന്നാം നില ഇളവ് 5%എന്നിവ അടക)<br><br>12964+648=13612 | 2013-14=2721<br><br>2014-15=2721<br><br>2015-16=2721<br><br>2016-17=2721<br><br>2017-18=2721 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | 2018-19=2721<br>Total=16326 |
| 4)<br>8/30 A<br>ഗോപാലകൃഷ്ണൻ,"അനുരാധ്",<br>ബാലുശ്ശേരി,673612,,<br>(നികുതി പ്രാബല്യത്തിൽ വരുന്ന തിയതി-2014 ഒന്നാം അർദ്ധവർഷം മുതൽ) | 202.71 | 40 | (വഴി സൗകര്യം 20%വർദ്ധനവ്,<br>9731+487=10218 | 50 | (വഴി സൗകര്യം 20%വർദ്ധനവ്,<br>12163+608=12771 | 2014-15=2553<br>2015-16=2553<br>2016-17=2553<br>2017-18=2553<br>2018-19=2553<br>Total=12765 |
| 5)<br>8/177മധു,പുനത്തിൽ, ബാലുശ്ശേരി, 673612,,(നികുതി പ്രാബല്യത്തിൽ വരുന്ന തിയതി-2013 ഒന്നാംഅർദ്ധവർഷം മുതൽ) | 120 | 40 | (ഇളവ് മേഖല -10%<br>മേൽക്കൂര-10%)<br>3840+192=4032 | 50 | (ഇളവ് മേഖല -10%<br>മേൽക്കൂര-10%)<br>4800+240=5040 | 2013-14=1008<br>2014-15=1008<br>2015-16=1008<br>2016-17=1008<br>2017-18=1008<br>2018-19=1008<br>Total=6048 |
| 6)<br>8/351 A<br>മുഹമ്മദ് ഫൈസൽ,പുതിയോട്ടിൽ, ബാലുശ്ശേരി, 673612,,<br>(നികുതി പ്രാബല്യത്തിൽ വരുന്ന തിയതി-2013 ഒന്നാം അർദ്ധവർഷം മുതൽ) | 233.8 | 40 | (വഴി സൗകര്യം 20%വർദ്ധനവ്,<br>ഇളവ് രണ്ടാം നില-10%<br>10101+506=10607 | 50 | (വഴി സൗകര്യം 20%വർദ്ധനവ്,<br>ഇളവ് രണ്ടാം നില-10%<br>12625+631=13256 | 2013-14=2649<br>2014-15=2649<br>2015-16=2649<br>2016-17=2649<br>2017-18=2649<br>2018-19=2649<br>Total=15894 |
| 7)<br>8/395 A | 112.23 | 40 | (വഴി സൗകര്യം 20%വർദ്ധനവ്, | 50 | (വഴി സൗകര്യം 20%വർദ്ധനവ്, | 2014-15=1343 |

| | | | | | | |
|---|---|---|---|---|---|---|
| അരവിന്ദാക്ഷൻ,<br>ചാത്തോത്ത്,<br>ബാലുശ്ശേരി,,673612,<br>(നികുതി പ്രാബല്യത്തിൽ വരുന്ന തിയതി-2014 ഒന്നാം അർദ്ധവർഷം മുതൽ) | | | ഒന്നാം നില ഇളവ് 5%എന്നിവ അടക്കം)<br><br>5119+256=5375 | | ഒന്നാം നില ഇളവ് 5%എന്നിവ അടക്കം)<br><br>6398+320=6718 | 2015-16=1343<br><br>2016-17=1343<br><br>2017-18=1343<br><br>2018-19=1343<br><br>Total=6715 |
| 8)<br>8/904 A<br><br>മൊയ്തി,തയ്യുള്ളതിൽ, അരിക്കുളം, (നികുതി പ്രാബല്യത്തിൽ വരുന്ന തിയതി-2013 രണ്ടാം അർദ്ധവർഷം മുതൽ) | 173.8 | 40 | (വഴി സൗകര്യം 20%വർദ്ധനവ്,<br><br>8343+418=8761 | 50 | (വഴി സൗകര്യം 20%വർദ്ധനവ്,<br><br>10428+521=10949 | 2013-14=1094<br><br>2014-15=2188<br><br>2015-16=2188<br><br>2016-17=2188<br><br>2017-18=2188<br><br>2018-19=2188<br><br>Total=12034 |
| ആകെ | | | | | | 79526 |

2018-19 വരെ 75757 രൂപ വസ്തുനികുതി ഇനത്തിലും 3769 രൂപ ഗ്രന്ഥശാലാവരി ഇനത്തിലും ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന്റെ അടിസ്ഥാനത്തിൽ ക്രമ നം 5 ആയ മധു, പുനത്തിൽ, ബാലുശ്ശേരി എന്നയാളിൽ നിന്ന് 6048/- രൂപ ഈടാക്കി, രസീതി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ഈ കെട്ടിടത്തിന്റെ നികുതി പുനർ നിർണയിച്ചിട്ടുണ്ടോ എന്ന് മറുപടിയിൽ വ്യക്തമല്ല. ബാക്കിയുള്ള 7 പേരിൽ നിന്നും ലഭിക്കാനുള്ള കെട്ടിട നികുതി കുടിശ്ശികയായ (കെട്ടിട നികുതി - 69,997 + ഗ്രന്ഥശാലാവരി-3481) 73478/- രൂപ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, മുഴുവൻ കെട്ടിടങ്ങളുടേയും നികുതി പുനർ നിർണ്ണയിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

**3-1 .**

ഇല്ല

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 108000 | നെൽക്കൃഷിക്ക് കൂലിച്ചെലവ് | 108000 | 0 |
| | | 40000 | മിൽക്ക് ഇൻസന്റീവ് | 40000 | 0 |
| | | 250000 | ക്ഷീരഗ്രാമം | 225000 | 25000 |
| | | 710970 | ലൈഫ് ഭവന നിർമാണം-ജനറൽ | 710970 | 0 |
| | | 228046 | ലൈഫ് ഭവന നിർമാണം എസ് സി പി | 228046 | 0 |
| | | 150000 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 90000 | നെൽക്കൃഷിക്ക് കൂലിച്ചെലവ് | 90000 | 0 |
| | | 150000 | വികലാംഗർക്ക് സ്കോളർഷിപ്പ് | 75000 | 75000 |
| | | 500000 | തുവ്വക്കാട്ട് കുടിവെള്ള പദ്ധതി | 0 | 500000 |
| | | 200000 | മിൽക്ക് ഇൻസന്റീവ് | 200000 | 0 |
| | | 1000000 | ശ്മശാന നിർമാണം | 1000000 | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവ്യത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | കുവ്വക്കാട് കുടിവെള്ള പദ്ധതി | 47/28.03.2019 | 8,25,000/- | - | 8,25,000/- |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ ലഭിച്ചതിന്റെയും, തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നതിന്റെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | ജി.ഒ.നം .533/16/ എൽ.എസ്.ജി.ഡി തി 18.2.11 | ഇല്ല | 1002866 | 927866 | - | 75000 |
| ലൈഫ് ഭവന പദ്ധതി | ജി.ഒ. എം എസ് നം 68/2018 ത.സ്വ ഭ വ തിയതി 18-05-2018 | 7169163 | 0 | 0 | | 7169163 |

# 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 25,34,302 |
| തൻവർഷം നിക്ഷേപിച്ച തുക | |

| | |
|---|---|
| | 0 |
| ആകെ | 2534302 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2534302 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.</u>

| സ്ഥാപനത്തിന്റെ പേര് | രശീതി നം | തുക |
|---|---|---|
| കോഴിക്കോട് ജില്ല സഹകരണ ബാങ്ക്, ബാലുശ്ശേരി | 100121806120021 | 5,45,368 |
| റീജിയണൽ സഹകരണ ബാങ്ക് | 120154 | 13,42,361 |
| അർബൻ കേ.ഓപ്പറേറ്റീവ്, ബാങ്ക് | 100391806120011 | 6,43,573 |
| കോഴിക്കോട് സഹകരണ ആശുപത്രി (ഷെയർ) | 2910/4.8.1988 | 2,500 |
| മലപ്പുറം സ്പിനിങ്ങ് മിൽ (ഷെയർ) | സർട്ടിഫിക്കറ്റ് ലഭ്യമല്ല | 500 |
| ആകെ | | 2534302 |

തൻ വർഷം നിക്ഷേപങ്ങൾ പുതുക്കിയിട്ടില്ല. തുടർന്ന് 2019 ഏപ്രിൽ മാസത്തിൽ മുൻകാല പ്രാബല്യത്തോടെ പുതുക്കുകയാണ് ചെയ്തിട്ടുള്ളത്.

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 48787/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നം/ തിയ്യതി |
|---|---|---|---|---|
| 2011-12/14-15 | iiB-2.2 | 1000 | K Rasak,Doctor | 118010100026,4/4/18 |
| 2011-12/14-15 | iiB-2.2 | 2500 | Medical Officer,Sreedhar Nursing Home | 1180101000027,4/4/18 |
| 2010-11 | 2-5(13) | 2500 | Manager SupplyCo supermarket | 118010100107,10/4/18 |
| 2010-11 | 2-4(15) | 90 | MaluAmma | 118010100133,11/4/18 |
| 2010-11 | 2-5(1) | 2500 | Jayarani EM School | 118010100147,12/4-18 |
| 2010-11 | 2-5(9) | 1250 | Regional Co Operative Bank | 118010100148,13/4-18 |
| 2010-11 | 2.5(17) | 2500 | sandhya Cine House | 118010100206,17/4/18 |
| 2010-11 | 2.5(7) | 2500 | Man Sindicate Bank | 11801010400001,20/4/18 |
| 2010-11 | 2-5(4) | 1250 | Man. CanaraBank | 118010400002,27/4/18 |
| 2010-11 | 2.5(11) | 1250 | Man.K.D.C Bank | 118010400003,10/5/18 |
| 2010-11 | 2.5(11) | 1250 | Man.K.D.Cbank | 118010400004,18/5/18 |
| 2012-13,13-14 | 2.1(46) | 49 | Bijeesh Thuruthyad | 118010100823,5/6/18 |
| 2011-12/15-16 | iiB2.2 | 10220 | Vcare -homoe | 118010100824,5/6/18 |
| 2012-13/13-14 | 2.1(2) | 44 | Babu Eladathekandy | 118010101015,19/6/18 |
| 2012-13/13-14 | 2.1(7) | 47 | V.P. Sathyn | 118010101016,19/6/18 |
| | | | | |

| | | | | |
|---|---|---|---|---|
| 2012-13/13-14 | 2.1(10) | 22 | Raveendran,K,P | 118010101017,19/6/18 |
| 2012-13/13-14 | 2.1(11) | 33 | Shameer | 118010101018,19/6/18 |
| 2012-13/13-14 | 2.1(13) | 22 | Manojan | 118010101019,19/6/18 |
| 2012-13/13-14 | 2.1(14) | 105 | Shahina | 118010101020,19/6/18 |
| 2012-13/13-14 | 2.1(15) | 79 | Muhammad Ali.C.V | 118010101021,19/6/18 |
| 2012-13/13-14 | 2.1(23) | 85 | Sreeja | 118010101022,19/6/18 |
| 2012-13/13-14 | 2.1(24) | 572 | Nadheer Mavilambady | 118010101023,19/6/18 |
| 2012-13/13-14 | 2.1(25) | 113 | Suresh Malayil | 118010101024,19/6/18 |
| 2012-13/13-14 | 2.1(26) | 34 | Sarojini Tharol | 118010101025,19/6/18 |
| 2012-13/13-14 | 2.1(37) | 292 | Muneer | 118010101026,19/6/18 |
| 2010-11 | 2.5(15) | 900 | Axis Com. Academy | 118010101406,12/7/18 |
| 2010-11 | 2.5(2) | 2500 | K.D.C BankEven.Branch | 118010101431,13/7/18 |
| 2010-11 | 2.5(14) | 2500 | Smart Hospital | 118010101959,30/8/18 |
| 2010-11 | 2.5(10) | 1250 | Agricultural Co.Op Bank | 118010102636,19/9/18 |
| 2014-15 | 2.2(2) | 480 | MarginFree Market | 118010104758,10/10/18 |
| 2014-15 | 2.2(2) | 480 | Margin Free Market | 118010104759,10/10/18 |
| 2010-11 | 2.5(5) | 1250 | Man.S.B.I | 118010500116,26/12/18 |
| 2014-15 | 2.2(2) | 960 | Nationa X-ray | 118010107188,20/12/18 |
| 2017-18 | 3.13 | 7200 | Medi. Officer P.H.C | 118010107486,29/1/19 |
| 2014-15 | 2.2(2) | 960 | Nithyananda Agency | 118010108034,26/2/19 |

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 1999-00,<br>30 (1), (2), 30(5) | 2003-04, 3-11(10) | റോഡ് അറ്റകുറ്റപണി അധിക ചെലവ് | തടസ്സം തുടരുന്നു |
| 1999-00, (33) | 2003-04, 3-11-13-5-7 | മൈത്രി ഭവന പദ്ധതി-പുരോഗതി റിപ്പോർട്ട് ലഭിച്ചില്ല. | തടസ്സം തുടരുന്നു |
| 2000-01 | 2003-04, 3-11-14 | എടക്കുടി ശുദ്ധജല വിതരണ പദ്ധതി അപാകതകൾ. | തടസ്സം തുടരുന്നു |
| 2001-02 | 2003-04, 3-11-14 | ചെമ്പോളിത്താഴം ശുദ്ധജല വിതരണ പദ്ധതി അപാകതകൾ. | തടസ്സം തുടരുന്നു |
| 1999-00 | 2003-04, 3-11-14 | പൊന്നരം തെരു-പുനത്തറ റോഡ് അപാകതകൾ. | തടസ്സം തുടരുന്നു |
| 2002-03, 2(2) | 2006-07, 3-79-4(5) | കാഷ് ബുക്ക് എഴുതുന്നതിലെ അപാകതകൾ | തടസ്സം തുടരുന്നു |

| | | | |
|---|---|---|---|
| 2002-03, 3(4) | 2006-07, 3-79-17(8) | ജെ.ജി.എസ്.വൈ പദ്ധതികൾ പൂർത്തിയാക്കാത്തത്. | തടസ്സം തുടരുന്നു |
| 2014-15, 2-2 | 2016-17 അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | തടസ്സം തുടരുന്നു |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 105946425 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 81626388 |
| വരവിനങ്ങളിലുള്ള നഷ്ടം | 69997 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 402419 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 69997 | | ശ്രീ. സതീഷൻ സി പി, സെക്രട്ടറി |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14-10 | 250000 | ശ്രീമതി.ലക്ഷ്മി ശശിന്ദ്രൻസി.പി. വി.ഇ.ഒ. |
| 1-14-11 | 59144 | ശ്രീമതി.ഹലീമ.കെ. ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-14-14 | 93275 | ഡോ.പി.വി.മുഹമ്മദ് കബീർ മെഡിക്കൽ ഓഫീസർ (ഹോമിയോ) |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| | | | |
|---|---|---|---|
| 2-1 (1) | 3485 | ഗ്രന്ഥശാലാവരി | ശ്രീ.സതീശൻ.സി.പി. സെക്രട്ടറി |

**(ഡി) നഷ്ടം നികത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.**

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സെക്രട്ടറി | ശ്രീ. സതീഷൻ സിപി.<br>സെക്രട്ടറി | ചാലപ്പറ്റ വീട്<br>ഉള്ളിയേരി പി.ഒ.<br>673323 |
| ശ്രീമതി.ലക്ഷ്മി ശശീന്ദ്രൻസി.പി.<br>വി.ഇ.ഒ. | വി.ഇ.ഒ. ബാലുശ്ശേരി | ചെവിടൻ പൊയിൽ<br>എം.എം. പറമ്പ്<br>ഉണ്ണികുളം<br>673574 |
| ശ്രീമതി.ഹലീമ.കെ. ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ | പെൻഷനർ | തെക്കേ ചിനക്കര<br>പാന്നൂർ പി.ഒ.<br>നരിക്കുനി |
| ഡോ.പി.വി.മുഹമ്മദ് കബീർ<br>മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ (ഹോമിയോ)<br>ബാലുശ്ശേരി | നടുക്കത്തറ കണ്ടി<br>കോഴിക്കോട്<br>673572 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ.എഫ്.കെ.കെ.ഡി/ പി.10/1390/2019(1) തീയതി 05.08.2019 | 1<br>(ഖണ്ഡിക 41) |
| 1999-00 | എൽ.എഫ്.കെ.കെ.ഡി/ പി.10/1390/2019(2) തീയതി | 2<br>(ഖണ്ഡിക 30,33 ) |

| | | |
|---|---|---|
| | 05.08.2019 | |
| 2000-01 (പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി/ പി.10/1390/2019(4) തീയതി 05.08.2019 | 4<br>(ഖണ്ഡിക 5,9,10,11) |
| 2001-02 (പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി/ പി.10/1390/2019(6)തീയതി 05.08.2019 | 1<br>(ഖണ്ഡിക 4) |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/ പി.10/1390/2019(7) തീയതി 05.08.2019 | 2<br>(ഖണ്ഡിക 2-2, 3-4) |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/ പി.1/1390/2019(8) തീയതി 05.08.2019 | 1<br>(ഖണ്ഡിക 3-3) |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/ പി.1/1390/2019(9) തീയതി 05.08.2019 | 3<br>(ഖണ്ഡിക 3-6, 3-7, 4-2) |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/ പി.1/1390/2019(10) തീയതി 05.08.2019. | 4<br>(ഖണ്ഡിക 3-3, 3-6, 3-12, 3-13) |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/ പി.10/1635/2017തീയതി 03.11.2017 | 12<br>(ഖണ്ഡിക 2-3, 2-5,2-13,2-14,2-15, 3-1, 3-2,3-15(1), (4), (8), 3-17, 3-18, 3-19, 3-20, 3-21) |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/ പി.10/1023/2019 തീയതി 09.07.2019 | 14<br>(3-5, 3-6, 3-7, 3-16, 3-17, 3-18, 3-20, 3-22, 3-24, 3-26,3-27, 3-28, 3-29) |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/ പി.10/823/13 തീയതി 13.08.2013 | 6<br>(ഖണ്ഡിക 3-2, 3-9, 3-11, 3-12, 3-13, 4-3) |
| 2009-10 | എൽ.എഫ്.കെ.കെ.ഡി/ പി.10/1671/12 തീയതി 12.02.2013 | 11<br>(ഖണ്ഡിക 1-2, 1-3, 2-1, 2-3(1), 2-3(2), 2-4, 2-5, 3-5, 3-6, 3-7, 3-8) |
| 2010-11 | എൽ.എഫ്.കെ.കെ.ഡി/ പി.10/1863/13 തീയതി 12.04.2013 | 16<br>(ഖണ്ഡിക 2-5, 2-6, 3-1,3-2, 3-4, 3-6, 3-8, 3-9, 3-10, 3-12, 3-14, 3-15, 3-16, 3-17, 3-18, 4-3) |
| 2011-12 | എൽ.എഫ്.കെ.കെ.ഡി/ പി.10/1507/14(2) തീയതി 07.11.2014 | 16<br>(ഖണ്ഡിക 1-3, 3-1, 3-2, 3-4, 3-5, 3-6, 3-8, 3-9, 3-13, 3-14, 3-15, 3-16, 3-17, 4-1, 4-2, 4-3) |
| 2012-13, 13-14 | നം.കെ.എസ്.എ.കെ.കെ.ഡി. പി.10/964/2019 തീയതി 09.07.2019 | 23<br>(ഖണ്ഡിക 2-2, 2-3, 2-5, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-10, 3-13, 3-15, 3-16, 3-18, 3-19, 3-20, 3-21, 3-23, 3-24, 3-27, 3-29, 3-30) |
| 2014-15 | നം.കെ.എസ്.എ.കെ.കെ.ഡി. പി.10/1908/16 തീയതി<br>30-06-2017 | 15<br>(ഖണ്ഡിക 2-1, 2-2, 3-1, 3-2, 3-3, 3-5, 3-6, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15) |
| 2015-16 | നം.കെ.എസ്.എ.കെ.കെ.ഡി. പി.10/ 119/2017 തീയതി 30.1.17 | 8<br>(ഖണ്ഡിക 2-1 (3,4,6,8), 2-2, 3-4(1,2), 3-6, 3-7, 3-9, 3-10, 4-4) |

| | | |
|---|---|---|
| 2016-17 | നം.കെ.എസ്.എ.കെ.കെ.ഡി. പി.10/300/2019 തീയതി 08.05.2019 | 11<br>(ഖണ്ഡിക 2-1(1മുതൽ 9 വരെ), 2-3, 2-5, 2-6, 2-10, 3-4(2), 3-9, 3-10, 3-12(1), (2), 3-13) |
| 2017-18 | നം.കെ.എസ്.എ.കെ.കെ.ഡി. പി.10/270/2019 തീയതി 07.05.2019 | 19<br>2-1, 2-2, 2-3(1), 2-5(2), (5), 2-6, 3-1, 3-2(2), (3), 3-3, 3-7, 3-8(2), 3-9, 3-11, 3-12, 3-13, 3-14, 3-15, 3-16 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

# <u>അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **ബാലുശ്ശേരി**

**ഗ്രാമപഞ്ചായത്ത് 2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. **(ഖണ്ഡിക 1-12 കാണുക).**

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ (ഖണ്ഡിക 1-12 കാണുക) ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്